**പതിമൂന്നാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)

## ഒൻപതാമത് റിപ്പോർട്ട്

( 2012 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

തൃശ്ശൂർ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം സംബന്ധിച്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011-2014)

## ഒൻപതാമത് റിപ്പോർട്ട്

( 2012 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

തൃശ്ശൂർ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി
രൂപീകരണം സംബന്ധിച്ച്

[തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2005 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

444/2012.

# ഉള്ളടക്കം


| | | *പേജ്* |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 30 |
| അനുബന്ധം II | | |
| ഓഡിറ്റ് ഖണ്ഡികകളിന്മേൽ ഗവൺമെന്റ് നൽകിയ മറുപടി | .. | 34 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2011–2014)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, കെ. അച്ചുതൻ
,, എം. ചന്ദ്രൻ
,, കെ. കെ. ജയചന്ദ്രൻ
,, കെ. എൻ. എ. ഖാദർ
,, മുല്ലക്കര രത്നാകരൻ
,, കെ. ശിവദാസൻ നായർ
,, പി. ശ്രീരാമകൃഷ്ണൻ
,, ജി. സുധാകരൻ
,, എം. എ. വാഹീദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്
,, കെ. മോഹൻദാസ്, അഡീഷണൽ സെക്രട്ടറി
ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
,, പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതി (2011-2014)യുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ചുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2005 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2 (തൃശ്ശൂർ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം)-ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2011 ഡിസംബർ മാസം 21-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികയുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

**വർക്കല കഹാർ,**

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012, മാർച്ച് 21.

# റിപ്പോർട്ട്

## തൃശ്ശൂർ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം

ഓഡിറ്റ് ഖണ്ഡിക

**ആമുഖം**

3.2.1 പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും എല്ലാ വർഷവും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നിശ്ചിത ദിവസത്തിനകം സമർപ്പിക്കണമെന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 175-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 51-ാം വകുപ്പും അനുശാസിക്കുന്നു. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കിയ പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി പരിശോധിച്ച് അംഗീകരിക്കുന്നു. ഗ്രാമ/വാർഡ് സഭകൾ പദ്ധതികളുടെ മുൻഗണനാക്രമം തീരുമാനിക്കുകയും ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളുടെ കാര്യത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

**പദ്ധതി രൂപീകരണ പ്രക്രിയ**

3.2.2 വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമ/വാർഡ് സഭകൾ, വികസന സെമിനാറുകൾ, ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികൾ, ജില്ലാ ആസൂത്രണ സമിതി എന്നിവ അടങ്ങിയതാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ സംഘടനാ രൂപം. ഇതിനു പുറമേ, നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രോജക്ടുകൾക്ക്, ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനുശേഷം, സാങ്കേതിക കമ്മിറ്റികൾ സാങ്കേതിക അനുമതി നൽകുന്നു.

**ഓഡിറ്റിന്റെ വ്യാപ്തി**

3.2.3 2000-01 മുതൽ 2004-05 വരെയുള്ള കാലയളവിലെ തൃശ്ശൂർ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണാവലോകനം നടത്തിയത് 2005 മേയ് മുതൽ ഒക്ടോബർ വരെയായിരുന്നു. ഇരുപത്തൊന്ന് ഗ്രാമപഞ്ചായത്തുകൾ (ആകെയുള്ള 92-ൽ), നാല് ബ്ലോക്ക് പഞ്ചായത്തുകൾ (ആകെയുള്ള 17-ൽ), രണ്ട് മുനിസിപ്പാലിറ്റികൾ, ജില്ലാ പഞ്ചായത്ത്, ജില്ലാ ആസൂത്രണ സമിതി ഓഫീസ് എന്നിവ അവലോകനത്തിൽ ഉൾപ്പെടുത്തി.

**ഓഡിറ്റ് ലക്ഷ്യങ്ങൾ**

3.2.4 താഴെ പറയുന്ന കാര്യങ്ങൾ വിലയിരുത്താനാണ് അവലോകനം നടത്തിയത് :

- നിയമവ്യവസ്ഥകളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചായിരുന്നു പദ്ധതി രൂപീകരണം ;
- വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞു ;
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിച്ച പദ്ധതികളുടെ പരിശോധന, വിലയിരുത്തൽ, അംഗീകാരം എന്നീ കാര്യങ്ങളിൽ ചുമതലകളും ഉത്തരവാദിത്തങ്ങളും ജില്ലാ ആസൂത്രണ സമിതികളും ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികളും വിജയകരമായി നിർവ്വഹിച്ചു ;
- ദുർബല വിഭാഗങ്ങളുടെ, സവിശേഷമായും പട്ടികജാതി-പട്ടികവർഗ്ഗങ്ങളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ മാനദണ്ഡമനുസരിച്ചാണ് തയ്യാറാക്കിയത്;
- വർക്കിംഗ് ഗ്രൂപ്പുകളും ഗ്രാമ/വാർഡ് സഭകളും ഫലപ്രദമായി പ്രവർത്തിക്കുകയും നൽകിയ ചുമതലകൾ നിർവ്വഹിക്കുകയും ചെയ്തു.

**ജില്ലാ ആസൂത്രണ സമിതി പദ്ധതി അംഗീകരിച്ചതിൽ കാലതാമസം**

3.2.5 2004-05-ലും പദ്ധതി രൂപീകരണത്തിലെ കാലതാമസം തുടർന്നു. ഇരുപത്തിയാറ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുമുമ്പ് ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കാതിരുന്നതിനാൽ, നിയമങ്ങളിൽ നിർദ്ദേശിക്കുന്ന വിധം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്, അംഗീകരിച്ച പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല.

3.2.6 2000-01 മുതൽ 2004-05 വരെയുള്ള കാലയളവിൽ ആകെയുള്ള 140 വാർഷിക പദ്ധതികളിൽ രണ്ട് എണ്ണത്തിനു മാത്രമാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പ് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചതെന്ന് 28 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രേഖകളിൽ നിന്നു വ്യക്തമായി. തൽഫലമായി, വാർഷിക പദ്ധതികളുടെ നിർവ്വഹണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു വർഷം പൂർണ്ണമായി ലഭിച്ചില്ല.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം</u>

3.2.7 വികേന്ദ്രീകൃതാസൂത്രണത്തിലെ സുപ്രധാന ഘടകം വർക്കിങ്ങ് ഗ്രൂപ്പാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതി രൂപീകരണത്തിൽ അവയ്ക്ക്

രചനാത്മകമായ പങ്കുണ്ട്. അവ പ്രാദേശിക വികസന പ്രശ്നങ്ങൾ പഠിക്കുകയും കരട് പ്രോജക്ട് നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് തയ്യാറാക്കുകയും വേണം. ഉദ്യോഗസ്ഥർ, തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, വിദഗ്ദ്ധർ, നിർദ്ദേശിക്കപ്പെട്ട വികസനമേഖലയിലെ സജീവ പ്രവർത്തകർ എന്നിവരടങ്ങുന്ന വർക്കിംഗ് ഗ്രൂപ്പുകൾ ഓരോ വർഷവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ താഴെ പറയുന്ന രീതിയിൽ രൂപീകരിക്കേണ്ടതാണ് :

3.2.8 ഓരോ വർക്കിംഗ് ഗ്രൂപ്പിന്റേയും ചെയർപേഴ്സൺ തെരഞ്ഞെടുക്കപ്പെട്ട അംഗമായിരിക്കണം. മേഖലയിലെ വിദഗ്ദ്ധനായിരിക്കണം വൈസ് ചെയർമാൻ. ബന്ധപ്പെട്ട മേഖലയിലെ കൈമാറ്റം ചെയ്ത ഉദ്യോഗസ്ഥരിൽ ഏറ്റവും സീനിയറായിരിക്കണം കൺവീനർ. 2002-03 മുതൽ ഓരോ വർക്കിംഗ് ഗ്രൂപ്പിലേക്കും ഒരു പട്ടികജാതി പ്രൊമോട്ടറെ നാമനിർദ്ദേശം ചെയ്യണം, പട്ടികജാതി വികസനത്തിനുള്ള നിർദ്ദേശം ചെയ്യുന്നതിലും അവർ പരാജയപ്പെട്ടുവെന്ന് താഴെ കൊടുക്കുന്ന പട്ടിക സൂചിപ്പിക്കുന്നു :

| | | വർക്കിംഗ് ഗ്രൂപ്പുകളുടെ എണ്ണം | | | | | | | വൈസ് ചെയർമാന്മാരായ വിദഗ്ദ്ധരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|---|---|
| | | സംഘടിപ്പിക്കേണ്ടിയിരുന്നത് | | | | സംഘടിപ്പിച്ചു; രേഖകൾ ഉള്ളത് | | | | | |
| വർഷം | ടെസ്റ്റ് പരിശോധനയ്ക്കു വിധേയമാക്കിയ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം | ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും | ആകെ | സംഘടിപ്പിക്കാതിരുന്നത് | സംഘടിപ്പിച്ചെങ്കിലും രേഖകൾ ഇല്ലാത്തത് | സാധാരണ വർക്കിംഗ് ഗ്രൂപ്പുകൾ | പട്ടികജാതി വർക്കിംഗ് ഗ്രൂപ്പുകൾ | ആകെ | നാമനിർദ്ദേശം ചെയ്യേണ്ടിയിരുന്നത് | നാമനിർദ്ദേശം ചെയ്തത് | കുറവ് |
| 2000–01 | 28 | 5 | 140 | 13 | 75 | 41 | 11 | 52 | 52 | 23 | 29 |
| 2001–02 | 28 | 3 | 84 | 3 | 24 | 38 | 19 | 57 | .. | .. | . . |
| 2002–04 | 28 | 8 | 224 | 2 | 24 | 173 | 25 | 198 | 198 | 182 | 16 |
| 2004–05 | 28 | 10 | 286 | 3 | 10 | 240 | 33 | 273 | 273 | 218 | 55 |
| ആകെ | .. | 26 | 734 | 21 | 133 | 492 | 88 | 580 | 523 | 423 | 100 |

| വർഷം | രേഖകൾ സൂക്ഷിച്ച വർക്കിംഗ് ഗ്രൂപ്പുകൾ | | | | | പട്ടികജാതി പ്രൊമോട്ടർമാരുടെ എണ്ണത്തിലെ കുറവ് | |
|---|---|---|---|---|---|---|---|
| | സാധാരണ വർക്കിംഗ് ഗ്രൂപ്പുകൾ | പട്ടികജാതി വർക്കിംഗ് ഗ്രൂപ്പുകൾ | ആകെ | പട്ടികജാതി പ്രൊമോട്ടർ ഇല്ലാതെ സംഘടിപ്പിച്ച സാധാരണ വർക്കിംഗ് ഗ്രൂപ്പുകൾ | ഒരു പട്ടികജാതി പ്രൊമോട്ടർ മാത്രം ഉൾപ്പെട്ട് സംഘടിപ്പിച്ച പട്ടികജാതി വർക്കിംഗ് ഗ്രൂപ്പുകൾ | സാധാരണ വർക്കിംഗ് ഗ്രൂപ്പുകൾ | പട്ടികജാതി വർക്കിംഗ് ഗ്രൂപ്പുകൾ |
| 2002–03 | 173 | 25 | 198 | 129 | 22 | 129 | 44 |
| 2003–04 | .. | .. | .. | .. | .. | .. | .. |
| 2004–05 | 240 | 33 | 273 | 179 | 21 | 179 | 42 |
| ആകെ | 413 | 58 | 471 | 308 | 43 | 308 | 86 |

3.2.9 വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനത്തിലെ അപര്യാപ്തതകൾ താഴെ പറയുന്നവയാണ് :

- അഞ്ചുകൊല്ലത്തെ കാലയളവിൽ (2000-05) 28 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 734 വർക്കിംഗ് ഗ്രൂപ്പുകൾ സംഘടിപ്പിക്കേണ്ടതായിരുന്നു. ഇവയിൽ അഞ്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 21 വർക്കിംഗ് ഗ്രൂപ്പുകൾ സംഘടിപ്പിച്ചില്ല. തൽഫലമായി ഒമ്പത് വികസന മേഖലകളിലെ പദ്ധതികൾ രൂപീകരിച്ചത് വികസനാവശ്യങ്ങളും സാദ്ധ്യതകളും ശരിയായി വിലയിരുത്താതെയായിരുന്നു.

- പതിനെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 133 വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിരുന്നില്ല. ഈ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചുവെന്നതിനും പ്രവർത്തിച്ചുവെന്നതിനും തെളിവൊന്നുമുണ്ടായിരുന്നില്ല.

- 580 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തെപ്പറ്റി രേഖകൾ ലഭ്യമായിരുന്നു. ഇവയിൽ 100 വർക്കിംഗ് ഗ്രൂപ്പുകളിൽ വൈസ് ചെയർമാനെ നാമനിർദ്ദേശം ചെയ്തിരുന്നില്ല. വൈസ് ചെയർമാനാവേണ്ടിയിരുന്നത് മേഖലയിലെ വിദഗ്ദ്ധനായിരുന്നു. ഈ വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഒരു വിദഗ്ദ്ധ അംഗത്തിന്റെ സേവനം നിഷേധിക്കപ്പെട്ടു.

- ഓരോ പട്ടികജാതി പ്രൊമോട്ടറെ വീതം 308 വർക്കിങ്ങ് ഗ്രൂപ്പുകളിലേക്ക് നാമ നിർദ്ദേശം ചെയ്തില്ല. 43 പട്ടികജാതി വർക്കിംഗ് ഗ്രൂപ്പുകളിലേക്ക് മൂന്ന് പട്ടികജാതി പ്രൊമോട്ടറെ വീതം നാമനിർദ്ദേശം ചെയ്തില്ല. പട്ടികജാതി വിഭാഗത്തിന്റെ താല്പര്യ സംരക്ഷണം സംബന്ധിച്ച്, തന്മൂലം ഉറപ്പൊന്നു മുണ്ടായിരുന്നില്ല.

**വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം**

3.2.10 കൺവീനറുടെ നിർബന്ധ സാന്നിദ്ധ്യം ഉൾപ്പെടെ വർക്കിംഗ് ഗ്രൂപ്പിന്റെ ക്വാറം നാലായി നിജപ്പെടുത്തിയിരുന്നു. വർക്കിംഗ് ഗ്രൂപ്പിന്റെ ആദ്യ യോഗത്തിൽ മേഖലയുടെ സ്ഥിതി, പ്രശ്നങ്ങൾ, നിർദ്ദേശിക്കുന്ന പരിഹാരങ്ങൾ മുതലായവ അടങ്ങുന്ന വിശദമായൊരു കുറിപ്പ് കൺവീനർ സമർപ്പിക്കണം. നിശ്ചിത എണ്ണം അദ്ധ്യായങ്ങളുള്ള റിപ്പോർട്ടുകൾ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കേണ്ടിയിരുന്നു. ഇരുപത്തിയെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി രൂപീകരിച്ച 713 വർക്കിംഗ് ഗ്രൂപ്പുകളിൽ, 18 എണ്ണം പ്രവർത്തിച്ചില്ല. 379 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിരുന്നില്ല. മുന്നൂറ്റിപ്പതിനാറ് വർക്കിംഗ് ഗ്രൂപ്പുകൾ 913 യോഗങ്ങൾ നടത്തി. താഴെപ്പറയുന്ന അപര്യാപ്തതകൾ ഉണ്ടായിരുന്നു:

- അഞ്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 21 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചില്ല. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ രൂപീകരിച്ച 18 വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിച്ചതേയില്ല. 2002-03-ൽ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപനത്തിൽ രൂപീകരിച്ച 8 വർക്കിംഗ് ഗ്രൂപ്പുകൾ വാർഷിക പദ്ധതി യിലെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിന് ഗ്രാമസഭ ചേരുന്നതിനുമുമ്പ് യോഗം ചേർന്നതേയില്ല. 47 വർക്കിംഗ് ഗ്രൂപ്പുകളുടേതായി തയ്യാറാക്കിയ വികസന മേഖലകളിലെ കരട് പദ്ധതി നിർദ്ദേശങ്ങൾ ശരിയായി സംഘടി പ്പിച്ച വർക്കിംഗ് ഗ്രൂപ്പുകളല്ല തയ്യാറാക്കിയത് എന്നതിനാൽ ആവശ്യമില്ലാ ത്തതും നടപ്പാക്കാനാവാത്തവയുമായ പ്രോജക്ടുകളുടെ രൂപീകരണ സാദ്ധ്യത തള്ളിക്കളയാൻ കഴിഞ്ഞില്ല.

- 213 വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ കൺവീനറുടെ സാന്നിദ്ധ്യമില്ലാതെയും 35 യോഗങ്ങൾ ക്വാറം ഇല്ലാതെയും നടത്തിയതിനാൽ യോഗങ്ങളിലെടുത്ത തീരുമാനങ്ങൾ വേണ്ടത്ര ശ്രദ്ധയോ ചർച്ചയോ കൂടാതെയായിരുന്നു.

- 2002-05 കാലയളവിൽ നടന്ന 862 വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ 677 എണ്ണത്തിൽ പട്ടികജാതി പ്രൊമോട്ടറുടെ സാന്നിദ്ധ്യം ഇല്ലായിരുന്നു. പട്ടിക ജാതി പ്രാതിനിധ്യമില്ലാത്തതിനാൽ, പട്ടികജാതി വിഭാഗത്തിന്റെ താല്പര്യം വേണ്ടത്ര സംരക്ഷിക്കപ്പെട്ടതായി യാതൊരുറപ്പും ഇല്ലായിരുന്നു.

- വാർഷിക പദ്ധതി രൂപീകരണത്തിനുവേണ്ടി 2000-05 കാലയളവിൽ 78 വർക്കിംഗ് ഗ്രൂപ്പുകൾ വർഷത്തിൽ ഒരൊറ്റ യോഗം മാത്രമേ നടത്തിയുള്ളൂ. 2002-05-ൽ രൂപീകരിച്ച 505 വർക്കിംഗ് ഗ്രൂപ്പുകളിൽ 255 വർക്കിംഗ് ഗ്രൂപ്പു കളുടെ കൺവീനർമാർ, പ്രസക്തമായ രേഖകളുടെ പിൻബലത്തോടെ

നിലവിലുള്ള സ്ഥിതി, മേഖല നേരിടുന്ന പ്രശ്നങ്ങൾ, പ്രശ്ന പരിഹാര ത്തിനുള്ള നിർദ്ദേശങ്ങൾ എന്നിവ അടങ്ങുന്ന വിശദമായ കുറിപ്പുകൾ സമർപ്പി ച്ചില്ല. തത്ഫലമായി ബന്ധപ്പെട്ട മേഖലയെപ്പറ്റി വേണ്ടത്ര പഠിക്കാതെയും നിയമസാധുതയുള്ള രേഖകളുടെ പിൻബലമില്ലാതെയുമാണ് കരട് പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കിയത്.

- 27 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 379 വർക്കിംഗ് ഗ്രൂപ്പുകളെ സംബന്ധിച്ച രേഖകൾ ഇല്ലാതിരുന്നതിനാൽ, അവ പ്രവർത്തിച്ചുവെന്ന് യാതൊരുറപ്പുമില്ലായിരുന്നു.

**ഗ്രാമസഭ/വാർഡ്സഭ**

3.2.11 ഹാജർ പുസ്തകം, ഫോട്ടോഗ്രാഫുകൾ, ഗ്രാമ/വാർഡ് സഭകളിൽ വേർതിരിഞ്ഞ് ചർച്ച ചെയ്ത് ഗ്രൂപ്പുകളുടെ മിനിട്ട്സ് തുടങ്ങിയ ഗ്രാമ/വാർഡ് സഭകളുടെ രേഖകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയാണ് സൂക്ഷിക്കേണ്ടത്. 2000-01 മുതൽ 2004-05 വരെയുള്ള കാലയളവിൽ, 2921 ഗ്രാമ/വാർഡ് സഭകൾ യോഗം ചേർന്നു. 466 യോഗങ്ങളുടെ മിനിട്ട്സ് സൂക്ഷിച്ചില്ല. 2455 യോഗങ്ങളുടെ മിനിട്ട്സിൽ പല ന്യൂനതകളുള്ളതായി കണ്ടു.

**ക്വാറമില്ലാത്ത ഗ്രാമ/വാർഡ്സഭ യോഗങ്ങൾ**

3.2.12 പ്ലാനിംഗ് പ്രക്രിയയിൽ ഗ്രാമ/വാർഡ് സഭകൾക്ക് സുപ്രധാനമായ പങ്കുണ്ട്. വാർഡിലെ വോട്ടർമാരുടെ 10 ശതമാനമാണ് ഗ്രാമ/വാർഡ് സഭകൾക്ക് ആവശ്യമായ ക്വാറം. 2455 യോഗങ്ങളിൽ, 1565 എണ്ണം (64 ശതമാനം) നിഷ്ക്കർഷിക്കപ്പെട്ട ഏറ്റവും കുറഞ്ഞ ഹാജരായ 10 ശതമാനമില്ലാതെ നടന്നു. ഇതിനാൽ യോഗങ്ങളിലെ തീരുമാനങ്ങൾ അസാധുവായിരുന്നു. പ്ലാനിങ്ങിനുവേണ്ടി ചേർന്ന ഗ്രാമ/വാർഡ് സഭകളിലെ ശുഷ്കമായ ജനപങ്കാളിത്തം വികേന്ദ്രീകൃതാസൂത്രണത്തെ പ്രാതിനിധ്യ സ്വഭാവമില്ലാത്തതാക്കി.

**ഹാജരും മേൽവിലാസവും രേഖപ്പെടുത്താത്തത്**

3.2.13 ഹാജർ പുസ്തകവും പേര്, വീട്ടുനമ്പർ ഉൾപ്പെട്ട മേൽവിലാസം, വേർപിരിഞ്ഞ് ചർച്ച ചെയ്ത ഗ്രൂപ്പുകളുടെ ചർച്ചകളുടെ രേഖകൾ, ഗ്രാമ/വാർഡ് സഭകളുടെ ശിപാർശകൾ, ഗ്രാമ/വാർഡ് സഭ യോഗങ്ങളുടെ ചിത്രങ്ങൾ എന്നിവയും ശരിയായി സൂക്ഷിക്കേണ്ടത് നിർബന്ധമായിരുന്നു. 2455 യോഗങ്ങൾ നടന്നതിൽ, 210 യോഗങ്ങളുടെ ഹാജർ രേഖപ്പെടുത്തിയില്ല; 1375 യോഗങ്ങളുടെ കാര്യത്തിൽ മേൽവിലാസങ്ങൾ അപൂർണ്ണമായിരുന്നു ; 2118 യോഗങ്ങളുടെ ചിത്രങ്ങൾ സൂക്ഷിച്ചില്ല ; 327 ഫോട്ടോഗ്രാഫുകൾ പ്രകാരം, രേഖപ്പെടുത്തിയതിനേക്കാൾ ഹാജർ നില കുറവായിരുന്നു.

**കരട് പ്രോജക്ട് നിർദ്ദേശങ്ങൾ കൂടാതെ പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിച്ചത്**

3.2.14 2000-05 കാലയളവിൽ പ്രോജക്ടുകളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിനു യോഗം ചേർന്ന 1321 ഗ്രാമ/വാർഡ് സഭകളിൽ, 424 യോഗങ്ങളിൽ പ്രോജക്ടുകളുടെ മുൻഗണനാക്രമം നിശ്ചയിച്ചില്ല. തൽഫലമായി, പ്രോജക്ടുകളുടെ മുൻഗണനാക്രമം നിശ്ചയിച്ചത് ആവശ്യമായ എല്ലാ കാര്യങ്ങളും പരിഗണിച്ചല്ല. അതിനാൽ ജനപങ്കാളിത്ത മെന്നത് പൂർത്തീകരിക്കാനാവാത്ത വെറുമൊരാശയമായി നിലകൊണ്ടു.

**ഗുണഭോക്തൃലിസ്റ്റ് അന്തിമമായി തയ്യാറാക്കാത്തത്**

3.2.15 2000-01 മുതൽ 2004-05 വരെയുള്ള കാലയളവിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് യോഗം ചേർന്ന 1386 ഗ്രാമ/വാർഡ് സഭകളിൽ, 1196 ഗ്രാമ/വാർഡ് സഭകൾ, ഗുണഭോക്താക്കളുടെ മുൻഗണനാക്രമം നിശ്ചയിച്ച ലിസ്റ്റിന് അന്തിമരൂപം നൽകി. 15 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 190 ഗ്രാമ/വാർഡ് സഭകൾ മുൻഗണന പ്രകാരമുള്ള ഗുണഭോക്തൃ ലിസ്റ്റിന് അന്തിമരൂപം നൽകുന്നതിൽ പരാജയപ്പെട്ടു. ഇതിന്റെ ഫലം, ഗ്രാമ/വാർഡ് സഭകൾ അധികൃതമാക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകിയതായിരുന്നു.

**വികസന സെമിനാർ**

3.2.16 2000-01 മുതൽ 2004-05 വരെയുള്ള കാലയളവിൽ 28 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടന്ന 112 വികസന സെമിനാറുകളിൽ, 52 വികസന സെമിനാറുകളുടെ രേഖകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിച്ചില്ല. പങ്കെടുത്തവരുടെ മേൽവിലാസം രേഖപ്പെടുത്താത്തത് (24 സെമിനാറുകൾ), വേർപിരിഞ്ഞ് ചർച്ച ചെയ്ത ഗ്രൂപ്പുകളുടെ മിനിട്ട്സ് രേഖപ്പെടുത്താത്തത് (36 സെമിനാറുകൾ), ശിപാർശകൾ രേഖപ്പെടുത്താത്തത് (31 സെമിനാറുകൾ) തുടങ്ങിയ ന്യൂനതകൾ സെമിനാറുകളുടെ യോഗനടപടികൾ രേഖപ്പെടുത്തുന്നതിലുണ്ടായിരുന്നു. വികസന സെമിനാറുകൾ നടത്തുന്നതിലുണ്ടായ ഈ വീഴ്ചകൾ സെമിനാറുകളുടെ പ്രയോജനക്ഷമതയെ ദുർബലപ്പെടുത്തി.

**ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികൾ**

3.2.17 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന വാർഷിക പദ്ധതികളെ വിലയിരുത്തുന്നതിന് ജില്ലാ ആസൂത്രണ സമിതികൾ ബ്ലോക്ക് തലത്തിലും ജില്ലാ തലത്തിലും ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികൾ രൂപീകരിക്കേണ്ടതുണ്ട്. ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികൾ ശരിവെച്ച പ്രോജക്ടുകൾ പരിശോധനയ്ക്കും അന്തിമമായ അംഗീകാരത്തിനും വേണ്ടി ജില്ലാ ആസൂത്രണ സമിതിക്ക് അയയ്ക്കുന്നു.

3.2.18 തൃശൂർ ജില്ലാ പ്ലാനിംഗ് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള നാല് ബ്ലോക്ക് പഞ്ചായത്തുകളിലെ നാല് ബ്ലോക്ക് തല ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികളുടേയും ജില്ലാതല ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെയും രേഖകൾ വ്യക്തമാക്കിയത് ജില്ലാതല ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ സബ് ഗ്രൂപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച രേഖകൾ ജില്ലാ പ്ലാനിംഗ് ഓഫീസർ സൂക്ഷിച്ചിട്ടില്ലെന്നാണ്. നാല്

ബ്ലോക്ക് തല ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികളുടെ 83 സബ്ഗ്രൂപ്പുകൾ 232 യോഗങ്ങൾ ചേർന്നു. അവയിൽ 62 യോഗങ്ങൾക്ക് ക്വാറം ഇല്ലായിരുന്നു. അംഗീകാര യോഗ്യമെന്ന് തീരുമാനിച്ച പ്രോജക്ടുകളുടെ പേരുകൾ 19 യോഗങ്ങളുടെ മിനിട്ട്സിൽ ഉണ്ടായിരുന്നില്ല (പട്ടിക താഴെ കൊടുക്കുന്നു). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വാർഷിക പദ്ധതികൾ ലഭിക്കുന്ന കാര്യം തുടർച്ചയായി നിരീക്ഷിക്കുന്നതിന് സംവിധാനമുണ്ടായിരുന്നില്ല.

**റ്റി.എ.സി.കളുടെ സബ്ഗ്രൂപ്പുകളുടെ പ്രവർത്തനത്തിലെ ന്യൂനതകൾ**

| *ക്രമ നമ്പർ* | *റ്റി.എ.സി.യുടെ പേര്* | *രേഖകൾ സൂക്ഷിച്ച സബ്ഗ്രൂപ്പു കളുടെ എണ്ണം* | *യോഗങ്ങളുടെ എണ്ണം* | *കോറം ഇല്ലാത്ത യോഗങ്ങൾ* | *ശിപാർശ ചെയ്ത പ്രോജക്ടു കളുടെ പേരു കൾ രേഖപ്പെ ടുത്താത്ത മിനിട്സുകൾ വെച്ച യോഗ ങ്ങളുടെ എണ്ണം* | *ഹാജരായ എല്ലാ അംഗ ങ്ങളും ഒപ്പിട്ട മിനിട്ട്സുകൾ ഉള്ള യോഗ ങ്ങളുടെ എണ്ണം* |
|---|---|---|---|---|---|---|
| 1 | ജില്ലാതല റ്റി.എ.സി., തൃശൂർ | രേഖകൾ സൂക്ഷിച്ചിട്ടില്ല | | | | |
| 2 | ബ്ലോക്ക് തല റ്റി.എ.സി., ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് | 27 | 72 | 16 | 2 | 66 |
| 3 | ബ്ലോക്ക്തല റ്റി.എ.സി., ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് | 15 | 38 | 7 | 8 | 20 |
| 4 | ബ്ലോക്ക്തല റ്റി.എ.സി., പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് | 38 | 118 | 39 | 5 | 93 |
| 5 | ബ്ലോക്ക്തല റ്റി.എ.സി., വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് | 3 | 4 | .. | 4 | 4 |
| | ആകെ | 83 | 232 | 62 | 19 | 183 |

3.2.19 വിഭാവനം ചെയ്ത രീതിയിൽ റ്റി.എ.സി. പ്രവർത്തിക്കുകയോ പ്ലാൻ പ്രോജക്ടുകളെ വിലയിരുത്തുകയോ ചെയ്തില്ല. തന്മൂലം നിഷ്ക്കർഷിക്കപ്പെട്ട മാനദണ്ഡങ്ങളനുസരിച്ചവയല്ലാത്ത പ്ലാൻ പ്രോജക്ടുകളും കമ്മിറ്റികൾ ശിപാർശ ചെയ്തു.

**ജില്ലാ ആസൂത്രണ സമിതി**

3.2.20 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ പേരുകൾ പ്രസിദ്ധീകരിച്ച് മൂന്നു മാസത്തിനകം സംസ്ഥാന സർക്കാർ, ഓരോ ജില്ലയിലും ജില്ലാ ആസൂത്രണ സമിതിക്ക് രൂപം നൽകും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളെപ്പോലെ, ജില്ലാ ആസൂത്രണ സമിതിയിലെ അംഗങ്ങളുടെയും കാലാവധി അഞ്ചു വർഷമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി പരിശോധനയും അംഗീകാരവും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ പദ്ധതികളുടെ സമാഹരണം, ജില്ലയ്ക്ക് വേണ്ടി കരട് വികസന പദ്ധതി തയ്യാറാക്കൽ എന്നിവ ജില്ലാ ആസൂത്രണ സമിതിയുടെ ചുമതലകളിൽ ഉൾപ്പെടുന്നു.

**അനധികൃത ഇടക്കാല ജില്ലാ ആസൂത്രണ സമിതിയുടെ രൂപീകരണം**

3.2.21 ആദ്യത്തെ ജില്ലാ ആസൂത്രണ സമിതിയുടെ കാലാവധി 2000 സെപ്റ്റംബർ മാസത്തിൽ അവസാനിച്ചെങ്കിലും രണ്ടാമത്തെ ജില്ലാ ആസൂത്രണ സമിതിക്ക് സർക്കാർ രൂപം നൽകിയത് 2001 മാർച്ചിൽ മാത്രമാണ്. രണ്ടാമത്തെ ജില്ലാ ആസൂത്രണ സമിതി രൂപീകരണത്തിനുണ്ടായ കാലതാമസം കാരണം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഇടക്കാലത്ത് സമർപ്പിച്ച പ്രോജക്ടുകൾ അംഗീകരിക്കുന്നതിനു വേണ്ടി ഇടക്കാല ജില്ലാ ആസൂത്രണ സമിതി എന്ന പേരിൽ ഒരു സമിതിക്ക് സർക്കാർ രൂപം നൽകി. ഈ ഇടക്കാല ആസൂണ്ര സമിതി രണ്ടു തവണ യോഗം ചേരുകയും പന്ത്രണ്ട് തദ്ദേശസ്ഥാപനങ്ങൾ സമർപ്പിച്ച 5.47 കോടി രൂപ അടങ്കലുള്ള പ്രോജക്ടുകൾക്ക് അംഗീകാരം നൽകുകയും ചെയ്തു. ഇടക്കാല ജില്ലാ ആസൂത്രണ സമിതിയുടെ രൂപീകരണം ഭരണഘടനയുടെ 243 സെഡ് ഡി വകുപ്പിന്റെയും 1995-ലെ ജില്ലാ ആസൂത്രണ സമിതി (അംഗങ്ങളുടെ തെരഞ്ഞെടുപ്പും യോഗനടപടികളും) ചട്ടങ്ങളുടെയും ലംഘനമായിരുന്നു.

**റ്റി.എ.സി. യുടെ വിലയിരുത്തലില്ലാതെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി (ഡി.പി.സി.) യുടെ അനധികൃത അംഗീകാരം**

3.2.22 ബന്ധപ്പെട്ട ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികൾ പരിശോധിച്ചു വിലയിരുത്തിയ ശേഷമേ ഡി.പി.സി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ അംഗീകാരത്തിനായി പരിഗണിക്കാവൂ. എന്നാൽ 2003-2004-ൽ ഡി.പി.സി. ജില്ലയിലെ 77 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ (ആകെ 117 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉള്ളതിൽ) മൊത്തം 61.50 കോടി രൂപ അടങ്കലുള്ള പദ്ധതികൾക്ക് ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികളുടെ പരിശോധനയ്ക്കുമുമ്പേ അംഗീകാരം നൽകി. ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികൾ പിന്നീട് പദ്ധതികൾ പരിശോധിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായാണ് ഈ അനധികൃത അംഗീകാരം നൽകിയത്. ഡി.പി.സി.

അന്തിമമായ അംഗീകാരം നൽകികഴിഞ്ഞതിനാൽ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ പരിശോധന പ്രയോജനരഹിതമായിരുന്നു. വാർഷിക പദ്ധതി അംഗീകാരത്തിനും പരിശോധനയ്ക്കും കൈക്കൊണ്ട ഈ വിപരീത പ്രക്രിയ, അംഗീകാര പ്രക്രിയയെ അർത്ഥ ശൂന്യമാക്കി.

**ഡി.പി.സി. പ്രവർത്തനത്തിലെ അപര്യാപ്തതകൾ**

3.2.23 2000-2001 മുതൽ 2004-05 വരെ ചേർന്ന ഡി.പി.സി.യുടെ 48 യോഗങ്ങളിലൊന്നിൽ പോലും അംഗങ്ങളുടെ ഹാജർ രേഖപ്പെടുത്തിയില്ല. പ്ലാനിംഗ് സംബന്ധിച്ച് വിലപ്പെട്ട നിർദ്ദേശം നൽകേണ്ട വിദഗ്ദ്ധ അംഗം 15 യോഗങ്ങളിൽ പങ്കെടുത്തില്ലെന്ന്, യോഗങ്ങളുടെ മിനിട്ട്സിൽ നിന്ന് വ്യക്തമായി. ഡി.പി.സി. 13 യോഗങ്ങളിൽ അംഗീകരിച്ച പ്രോജക്ടുകളുടെ ലിസ്റ്റ് മിനിട്ട്സിൽ രേഖപ്പെടുത്തിയിരുന്നില്ല.

ഇക്കാര്യങ്ങൾകൊണ്ട് ഡി.പി.സി. യോഗങ്ങൾ സംബന്ധിച്ച രേഖകൾ ശരിയായി സൂക്ഷിച്ചില്ലെന്നു വ്യക്തമായി (താഴെ കൊടുത്ത പട്ടിക നോക്കുക) :

| *വർഷം* | *നടന്ന യോഗങ്ങളുടെ എണ്ണം* | *മിനിട്ട്സ് സൂക്ഷിക്കാത്ത യോഗങ്ങളുടെ എണ്ണം* | *മിനിട്ട്സോ ഹാജരോ അംഗങ്ങൾ ഒപ്പ്‌വെക്കാത്ത യോഗങ്ങളുടെ എണ്ണം* | *വിദഗ്ദ്ധ അംഗം ഹാജരില്ലാത്ത യോഗങ്ങളുടെ എണ്ണം* | *അംഗീകരിച്ച പ്രോജക്ടുകളുടെ പട്ടിക രേഖപ്പെടുത്താത്ത മിനിട്ട്സ് ഉള്ള യോഗങ്ങളുടെ എണ്ണം* |
|---|---|---|---|---|---|
| 2000–01 | 8 | ഇല്ല | 8 | 4 | 4 |
| 2001–02 | 1 | ഇല്ല | 1 | 1 | ഇല്ല |
| 2002–03 | 12 | ഇല്ല | 12 | ഒമ്പത് യോഗങ്ങളിൽ രേഖപ്പെടുത്തിയില്ല | 5 |
| 2003–04 | 12 | ഇല്ല | 12 | 1 | 1 |
| 2004–05 | 15 | ഇല്ല | 15 | 9 | 3 |
| ആകെ | 48 | ഇല്ല | 48 | 15 | 13 |

**ഒമ്പതാം പദ്ധതി കണക്കെടുപ്പിലുള്ള വീഴ്ച**

3.2.24 തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്താം പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ (ജൂൺ 2002-ൽ പുറപ്പെടുവിച്ചത്), വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, സന്നദ്ധ സേവകർ, ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരുൾപ്പെട്ട ഒരു സമിതി, ഒമ്പതാം പഞ്ചവത്സര പദ്ധതിക്കാലത്ത് സൃഷ്ടിച്ച ആസ്തികൾ പരിശോധിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ഗുണഭോക്തൃസമിതികൾ/കരാറുകാർ പൂർത്തിയാക്കാതെ ഉപേക്ഷിച്ച പണികളേയും, വിവിധ ഏജൻസികൾക്ക് നൽകിയ മുൻകൂറുകളേയും, ഓരോ പണിയുടെയും നിജസ്ഥിതിയേയും സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് തയ്യാറാക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. പരിശോധനയ്ക്ക് വിധേയമാക്കിയ 28 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളൊന്നും തന്നെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ കണക്കെടുപ്പിനുള്ള സമിതി രൂപീകരിക്കുകയോ, ആസ്തി സംബന്ധിച്ച് മേൽപ്പറഞ്ഞ വിശദാംശങ്ങൾ സംഭരിക്കുകയോ ചെയ്തില്ല. ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ കണക്കെടുപ്പിലുള്ള വീഴ്ചയുടെ ഫലം, അപൂർണ്ണമായി നിർത്തിയ പണികളെപ്പറ്റിയും സൃഷ്ടിച്ച ആസ്തികളെപ്പറ്റിയുമുള്ള വിവരത്തിന്റെ അപര്യാപ്തതയായിരുന്നു. തൽഫലമായി ഒമ്പതാം പഞ്ചവത്സര പദ്ധതിക്കാലത്ത് സംഭവിച്ച തകരാറുകൾ ഒഴിവാക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിനും പ്രസ്തുത കാലയളവിൽ സൃഷ്ടിച്ച ആസ്തികൾ ശരിയായി സംരക്ഷിക്കുന്നതിനും വിനിയോഗിക്കുന്നതിനുമുള്ള അവസരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിഷേധിക്കപ്പെട്ടു.

**ഫലപ്രദമല്ലാത്ത ആസ്തി പരിപാലനം**

3.2.25 ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും പരിഷ്ക്കരണ പദ്ധതി തയ്യാറാക്കി പദ്ധതിരേഖയിൽ ഉൾപ്പെടുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചു (2002 ജൂൺ). രേഖകൾ കുടിശ്ശിക തീർത്ത് ശരിയാക്കുക, ആസ്തി രജിസ്റ്റർ പൂർത്തിയാക്കുക, റോഡ് രജിസ്റ്റർ തയ്യാറാക്കുക, ആനുകൂല്യ രജിസ്റ്റർ തയ്യാറാക്കുക, എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യകാർഡ് നൽകുക തുടങ്ങിയ കാര്യങ്ങളാണ് പരിഷ്ക്കരണ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ഇരുപത്തിയെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു സ്ഥാപനം (ഗുരുവായൂർ മുനിസിപ്പാലിറ്റി) മാത്രമാണ് ആസ്തി രജിസ്റ്റർ സൂക്ഷിച്ചത്. അഞ്ചുസ്ഥാപനങ്ങൾമാത്രം റോഡ് രജിസ്റ്റർ സൂക്ഷിച്ചു. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനവും ആസ്തി രജിസ്റ്റർ തയ്യാറാക്കുകയോ ആനുകൂല്യകാർഡ് നൽകുകയോ ചെയ്തില്ല. ഇത്തരം രേഖകളുടെ അഭാവത്തിൽ, ഇതുവരെ ശ്രദ്ധിക്കാത്ത മേഖലകൾ ഏതെല്ലാമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ല. ആസ്തികൾ ശരിയായി സംരക്ഷിച്ചുവെന്നും ഒരിക്കൽ ലഭിച്ച ആനുകൂല്യങ്ങൾ വീണ്ടും ഗുണഭോക്താക്കൾ കൈപ്പറ്റിയില്ലെന്നും ഉറപ്പുവരുത്താനും സാധിച്ചില്ല.

**മറ്റുതലങ്ങളിലെ പഞ്ചായത്തുകളുടെ കടമകളിലും പ്രവർത്തനങ്ങളിലും കടന്നുകയറ്റം**

3.2.26 ഗ്രാമ/ബ്ലോക്ക്/ജില്ലാതലങ്ങളിലെ പഞ്ചായത്തുകളുടെ അധികാരങ്ങളും കടമകളും പ്രവർത്തനങ്ങളും വ്യത്യസ്തമാണ്. അവ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ കൃത്യമായി നിർവ്വചിച്ചിട്ടുണ്ട്. ഓരോ തലത്തിലെ പഞ്ചായത്തും തങ്ങൾക്കായി നിർദ്ദേശിച്ച കടമകളും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് മാത്രമേ രൂപം നൽകാവൂ. എന്നാൽ അഞ്ചു ഗ്രാമപഞ്ചായത്തുകളും 13 ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ

പഞ്ചായത്തും തയ്യാറാക്കി 2004-2005-ൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചതും മൊത്തം 96.11 ലക്ഷം രൂപ അടങ്കൽ ഉള്ളതുമായ 61 പ്രോജക്ടുകൾ അതേ തലത്തിൽപ്പെട്ട പഞ്ചായത്തുകളുടെ കടമകളും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതല്ലെന്ന് ഓഡിറ്റ് പരിശോധനയിൽ വ്യക്തമായി. ഈ പ്രോജക്ടുകൾക്ക് ഡി.പി.സി. നൽകിയ അംഗീകാരം അനധികൃത പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് ഫണ്ട് വകമാറ്റുവാൻ അനുമതി നൽകിയതിന് തുല്യമായി.

3.2.27 ഭവനനിർമ്മാണത്തിന് ഗുണഭോക്താക്കൾക്ക് സഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ.) ബ്ലോക്ക് പഞ്ചായത്തുകളാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 2004 മാർച്ച് വരെ 22,000 രൂപയും അതിനുശേഷം 27,500 രൂപയുമായിരുന്നു ഒരു യൂണിറ്റിനുള്ള കേന്ദ്രസഹായം. പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് ഒരു യൂണിറ്റിനുള്ള സഹായം 35,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് പ്ലാൻ ഫണ്ട് ഉപയോഗിച്ച് പദ്ധതി രൂപീകരിക്കാൻ സർക്കാർ ബ്ലോക്ക് പഞ്ചായത്തുകളെ അനുവദിച്ചു. പൊതുവിഭാഗം ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് അധികസഹായം നൽകുന്നതിന് പദ്ധതി രൂപീകരിക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി ഉണ്ടായിരുന്നില്ല. എന്നാൽ 2004-2005-ൽ പത്തു ഗ്രാമപഞ്ചായത്തുകൾ 98 പൊതുവിഭാഗം ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് അധികസഹായം നൽകുന്നതിന് പദ്ധതി തയ്യാറാക്കുകയും 7.36 ലക്ഷം രൂപ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറുകയും ചെയ്തു. മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ടുള്ള അനധികൃത പദ്ധതി രൂപീകരണം പ്ലാൻ ഫണ്ടിന്റെ വകമാറ്റലിൽ കലാശിക്കും.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ സംയോജിപ്പിക്കാത്തത്**

3.2.28 ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഒരു വർഷം ഒരു വികസന പദ്ധതി മാത്രമേ ഉണ്ടാകാവൂ. എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളും അതിൽ ഉൾപ്പെടുത്തിയിരിക്കണം. വാർഷിക വികസന പദ്ധതിയിൽ നിന്നായിരിക്കണം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കർമ്മപരിപാടി തയ്യാറാക്കേണ്ടത്. പതിനൊന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ 15 പദ്ധതികളിൽ 6.49 കോടി രൂപ അടങ്കലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ സംയോജിപ്പിച്ചിരുന്നില്ലെന്ന് 2000-05 കാലയളവിലെ 104 വാർഷിക പദ്ധതികളുടെ പരിശോധനയിൽ നിന്ന് വ്യക്തമായി. ഇരുപത്തി രണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയതും ഭാഗികമായി സംയോജിപ്പിച്ചതുമായ 55 പദ്ധതികളിൽ 10.91 കോടി രൂപ കുറവായാണ് വകയിരുത്തിയത്. മൊത്തം 17.40 കോടി രൂപ അടങ്കൽ വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ വാർഷിക പദ്ധതികളിൽ സംയോജിപ്പിക്കാതിരുന്നതിനാൽ, വികസന പദ്ധതികൾ രൂപീകരിക്കാനും അവയുടെ മുൻഗണനാക്രമം നിശ്ചയിക്കാനും ഗ്രാമ/വാർഡ് സഭകൾക്കുള്ള നിയമപരമായ പങ്ക് അവയ്ക്ക് നിഷേധിക്കപ്പെട്ടു.

**തനതുഫണ്ട് പെരുപ്പിച്ച് വകയിരുത്തിയത്**

3.2.29 നിർവ്വഹണക്ഷമമല്ലാത്ത പദ്ധതിരൂപീകരണത്തിൽ കലാശിക്കുന്ന രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ട് വിഹിതം പെരുപ്പിച്ച് വകയിരുത്തുന്നത് ഒഴിവാക്കുന്നതിനുവേണ്ടി കഴിഞ്ഞവർഷം യഥാർത്ഥത്തിൽ പദ്ധതി

പ്രോജക്ടുകൾക്ക് വിനിയോഗിച്ചതിന്റെ 110 ശതമാനത്തിൽ കവിഞ്ഞ തുക തനതു ഫണ്ടിന്റെ മിച്ചത്തിൽ നിന്ന് പദ്ധതിക്കുവേണ്ടി വകയിരുത്തരുതെന്ന് സർക്കാർ നിർദ്ദേശിച്ചു. (2002 ഒക്ടോബർ). എന്നാൽ പദ്ധതിക്കുവേണ്ടി വിനിയോഗിക്കാവുന്ന മിച്ചം ഇതിൽ കൂടുതലാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബോദ്ധ്യമുണ്ടെങ്കിൽ, തനതു നികുതി/നികുതിയേതര വരുമാനം, ജനറൽ പർപ്പസ് ഗ്രാന്റ്, കൊടുത്തു തീർക്കാനുള്ള ബാദ്ധ്യതകൾ എന്നിവ കാണിക്കുന്ന സാക്ഷ്യപ്പെടുത്തിയ കണക്ക് പദ്ധതി രേഖയുടെ കൂടെ സമർപ്പിക്കണമായിരുന്നു.

3.2.30 ഇരുപത്തിനാല് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിച്ച 55 വാർഷിക പദ്ധതികളിൽ വകയിരുത്തിയ തനതുഫണ്ട് വിഹിതം അനുവദനീയമായതിനേക്കാൾ 15.10 കോടിരൂപ കൂടുതലായിരുന്നു. ഇതിന് പിൻബലമായി കഴിഞ്ഞ വർഷത്തെ സാക്ഷ്യപ്പെടുത്തിയ കണക്കുകൾ സമർപ്പിച്ചതുമില്ല. വാർഷിക പദ്ധതികൾ ഡിപി.സി.യും റ്റി.എ.സി.കളും ശരിയായ പരിശോധനയ്ക്ക് വിധേയമാക്കാതിരുന്നതിനാൽ, തനതുഫണ്ടിന്റെ യഥാർത്ഥമല്ലാത്തതും പെരുപ്പിച്ചതുമായ വകയിരുത്തൽ തടയണമെന്ന സർക്കാരിന്റെ ഉദ്ദേശം സഫലമായില്ല.

**പ്രോജക്ടുകളിൽ വൈദ്യുതീകരണത്തിന് വകയിരുത്താത്തത്**

3.2.31 പ്രോജക്ടുകൾ പ്രവർത്തനം ആരംഭിക്കുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാവാതിരിക്കണമെങ്കിൽ വൈദ്യുതീകരണം ആവശ്യമായ പ്രോജക്ടുകളിൽ അതിനുള്ള തുക വകയിരുത്തേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപം നൽകിയ 11 വാർഷിക പദ്ധതികളിലായി ഉൾപ്പെട്ടതും മൊത്തം 20.09 ലക്ഷം രൂപ അടങ്കലുള്ളതുമായ 12 പ്രോജക്ടുകളിൽ വൈദ്യുതീകരണത്തിന് തുക വകയിരുത്തി യിരുന്നില്ല.

**ഗ്രാമ/വാർഡ് സഭകൾ കണ്ടെത്താത്ത പ്രോജക്ടുകളുടെ രൂപീകരണം**

3.2.32 ഗ്രാമ/വാർഡ് സഭകൾ കണ്ടെത്താത്തതും മുൻഗണന കൽപ്പിക്കാത്തതുമായ 133 പ്രോജക്ടുകൾ 2.96 കോടി രൂപയുടെ അടങ്കലോടെ 10 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2000-01 മുതൽ 2004-2005 വരെയുള്ള കാലയളവിൽ തങ്ങളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി. പദ്ധതി രൂപീകരണത്തിനുള്ള നിയമപരമായ പ്രക്രിയയുടെ നിഷേധമായിരുന്നു ഇത്.

**പൊതുവിഭാഗത്തിൽ ഉൽപ്പാദനമേഖലയിലെ പ്രോജക്ടുകൾക്ക് വകയിരുത്തിയതിൽ 3.63 കോടി രൂപയുടെ കുറവ്**

3.2.33 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷികപദ്ധതിയിലെ പ്രോജക്ടുകളെ മൂന്നായി (പൊതുവിഭാഗം, പ്രത്യേക ഘടകപദ്ധതി, ഗോത്രവർഗ്ഗ ഉപപദ്ധതി) തരംതിരി ക്കുകയും അവയ്ക്ക് സർക്കാർ പ്രത്യേകമായി ഫണ്ട് വകയിരുത്തുകയും ചെയ്തിരുന്നു. ഓരോ മേഖലയ്ക്കുകീഴിലും ഉല്പാദനം, പശ്ചാത്തലസൗകര്യ വികസനം, സേവനം എന്നിങ്ങനെ മൂന്ന് ഉപമേഖലകളുണ്ടായിരുന്നു. ഉല്പാദനപരമല്ലാത്ത മേഖലകളിലെ ചെലവ് നിയന്ത്രിക്കാനും ഉല്പാദനമേഖലയിലെ ചെലവിനെ പ്രോത്സാഹിപ്പിക്കാനും വേണ്ടി പശ്ചാത്തല സൗകര്യവികസനത്തിന് വകയിരുത്തുന്ന തുകയ്ക്ക് ഉയർന്ന പരിധിയും ഉൽപ്പാദനമേഖലയിലെ വകയിരുത്തലിന് കുറഞ്ഞ പരിധിയും സർക്കാർ നിശ്ചയിച്ചു. ബാക്കി തുക സേവന മേഖലയ്ക്കു വേണ്ടിയായിരുന്നു വിനിയോഗി ക്കേണ്ടിയിരുന്നത്.

വകയിരുത്തലിന് നിശ്ചയിച്ച രീതി താഴെ കാണിക്കുന്നതായിരുന്നു :

| ക്രമ നം. | തദ്ദേശസ്വയം ഭരണ സ്ഥാപനം | *പൊതുവിഭാഗത്തിൽ വകയിരുത്തേണ്ട ശതമാനം* | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | *ഉൽപ്പാദനമേഖല (കുറഞ്ഞത്)* | | | | | | *പശ്ചാത്തല സൗകര്യ വികസനം (പരമാവധി)* | | | | *സേവന മേഖല* |
| | | *1997-98* | *1998-99* | *1999-00* | *2000-01* | *2001-02* | *2002-05* | *1997-98* | *1998-99* | *1999-01* | *2001-05* | |
| 1 | ബ്ലോക്ക് പഞ്ചായത്ത് | 40 | 40 | 40 | 40 | 40 | 30 | 30 | 30 | 30 | 30 | പ്രത്യേക മായി നിശ്ച യിച്ചില്ല |
| 2 | ജില്ലാ പഞ്ചായത്ത് | 40 | 40 | 40 | 40 | 40 | 25 | 30 | 30 | 30 | 30 | |
| 3 | മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ | 20 | 30 | 25 | 20 | 10 | 10 | 35 | 30 | 35 | 50 | |

3.2.34 പൊതുവിഭാഗത്തിൽ ഉൽപ്പാദനമേഖലയ്ക്ക് 46 വാർഷികപദ്ധതികളിൽ വകയിരുത്തിയത് 3.63 കോടി രൂപ കുറവാണെന്നും പശ്ചാത്തല സൗകര്യ വികസന മേഖലയ്ക്ക് 43 വാർഷിക പദ്ധതികളിൽ വകയിരുത്തിയത് 4.30 കോടി രൂപ കൂടുതലാണെന്നും 27 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2000-2005 കാലയളവിലെ വാർഷിക പദ്ധതികളുടെ പരിശോധനയിൽ നിന്നു വ്യക്തമായി.

3.2.35 130 വാർഷിക പദ്ധതികൾ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ 49 പദ്ധതികളിൽ 2000-2005 കാലയളവിൽ പ്രത്യേക ഘടകപദ്ധതി മേഖലയ്ക്കുവേണ്ടി വകയിരുത്തിയത് 7.25 കോടി രൂപ കുറവായിരുന്നു.

3.2.36 അവലോകനത്തിന്റെ കാലയളവിൽ പ്രത്യേക ഘടകപദ്ധതി വിഭാഗത്തിലുള്ള യഥാർത്ഥ വിനിയോഗം (42 ശതമാനം) പൊതുവിഭാഗത്തിലുള്ളതിനേക്കാൾ (57 ശതമാനം) വളരെ കുറവായിരുന്നു.

3.2.37 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വികസനം പ്രാരംഭ ദിശയിലായിരുന്നതിനാൽ ഫണ്ടുകൾ വിനിയോഗിക്കുന്നതിൽ സംഭവിച്ച ഗണ്യമായ കുറവ് അതിന്റെ അനിവാര്യമായ ഫലമായിരുന്നുവെന്ന് സി.എ.ജി.യുടെ 2004 മാർച്ച് 31-ന് അവസാനിച്ച റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

**വനിതാ ഘടകപദ്ധതിയിൽ 10.41 കോടി രൂപയും ശിശുക്കൾ–വൃദ്ധർ–വൈകല്യമുള്ളവർ എന്നിവർക്കുള്ള പദ്ധതിയിൽ 2.95 കോടി രൂപയും കുറവായി വകയിരുത്തിയത്**

3.2.38 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വനിതാ ഘടകപദ്ധതിക്കുവേണ്ടി 1999-2000 മുതൽ മൊത്തം പ്ലാൻ ഫണ്ടിന്റെ 10 ശതമാനവും ശിശുക്കളുടെയും വൃദ്ധരുടെയും വൈകല്യമുള്ളവരുടെയും വികസനത്തിനുവേണ്ടി 2002-2003 മുതൽ അഞ്ചു ശതമാനവും വകയിരുത്തേണ്ടിയിരുന്നു. 28 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 126 വാർഷിക പദ്ധതികൾ പരിശോധനയ്ക്കു വിധേയമാക്കിയപ്പോൾ, 95 വാർഷിക പദ്ധതികളിൽ വനിതാ ഘടകപദ്ധതിക്കുവേണ്ടി വകയിരുത്തിയത് 10.41 കോടി രൂപ കുറവായിരുന്നു. 75 പദ്ധതികൾ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ 58 പദ്ധതികളിൽ ശിശുക്കൾ, വൃദ്ധർ, വൈകല്യമുള്ളവർ എന്നിവയ്ക്കുവേണ്ടി വകയിരുത്തിയത് 2.95 കോടി രൂപയും കുറവായിരുന്നു.

**ജലസംരക്ഷണത്തിന് 35.63 ലക്ഷം രൂപ കുറവായി വകയിരുത്തിയത്**

3.2.39 മഴവെള്ളസംഭരണം, തടാകങ്ങളുടെയും കുളങ്ങളുടെയും പുനരുദ്ധാരണം, ജലസേചനപദ്ധതികൾ എന്നിങ്ങനെ ജലസംരക്ഷണത്തിനുള്ള പ്രോജക്ടുകൾക്കുവേണ്ടി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും 2004-2005-ൽ പൊതുവിഭാഗത്തിലെ ഉൽപ്പാദന മേഖലയിൽ അനുവദിച്ച പ്ലാൻ ഫണ്ടിന്റെ മൂന്നിൽ ഒന്ന് വകയിരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചു (2004 മാർച്ച്). 2004-05 കാലയളവിൽ നിർബന്ധമായും വകയിരുത്തേണ്ടിയിരുന്ന 76.62 ലക്ഷം രൂപയുടെ സ്ഥാനത്ത് 12 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 40.99 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയത്. ഇക്കാരണത്താൽ ജലസംരക്ഷണത്തിനുവേണ്ടി വകയിരുത്തിയ തുക 35.63 ലക്ഷം രൂപ കുറഞ്ഞുപോയി.

**പ്രത്യേകം നിഷ്ക്കർഷിച്ച മേഖലകൾക്ക്/പദ്ധതികൾക്ക് വകയിരുത്തിയ തുകയിൽ വന്ന സഞ്ചിതകുറവിലുണ്ടായ വർദ്ധന**

3.2.40 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപം നൽകിയ പദ്ധതികൾ അതുപോലെ നടപ്പാക്കുന്നുവെന്ന കാര്യം തുടർച്ചയായി നിരീക്ഷിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും ഡി.പി.സി. തലത്തിലും ഏർപ്പാടൊന്നുമുണ്ടായിരുന്നില്ല. മാനദണ്ഡങ്ങൾ നിർദ്ദേശിക്കപ്പെട്ട പ്രത്യേക

സ്കീമുകൾക്കുവേണ്ടി പദ്ധതി രൂപീകരണത്തിൽ വകയിരുത്തിയതിലെ കുറവ് പത്താം പദ്ധതിക്കാലത്തെ ആദ്യമൂന്നുവർഷങ്ങളിൽ (2002-2005) ഒമ്പതാം പദ്ധതിക്കാലത്തെ അവസാന രണ്ടു വർഷങ്ങളേക്കാൾ വളരെ കൂടുതലായിരുന്നു. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു:

*(രൂപ കോടിയിൽ)*

| *മേഖല/പദ്ധതി* | *2000-2002 കാലയളവിൽ* | | | | *2002-2005 കാലയളവിൽ* | | | |
|---|---|---|---|---|---|---|---|---|
| | *വകയിരുത്തേണ്ടിയിരുന്ന തുക* | *വകയിരുത്തിയ തുക* | *വകയിരുത്തിയതിലെ കുറവ്* | *കുറവ് ശതമാനത്തിൽ* | *വകയിരുത്തേണ്ടിയിരുന്ന തുക* | *വകയിരുത്തിയ തുക* | *വകയിരുത്തിയതിലെ കുറവ്* | *കുറവിന്റെ ശതമാനം* |
| ഉല്പാദനമേഖല | 1.54 | 1.32 | 0.22 | 14 | 10.04 | 6.66 | 3.38 | 34 |
| പ്രത്യേക ഘടക പദ്ധതി | 2.66 | 2.00 | 0.66 | 25 | 20.75 | 14.29 | 6.46 | 31 |
| വനിതാ ഘടക പദ്ധതി | 8.60 | 6.51 | 2.09 | 24 | 17.40 | 9.25 | 8.15 | 47 |

3.2.41 നിർദ്ദേശിച്ച മേഖലകൾക്ക്/പദ്ധതികൾക്ക് വേണ്ടി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ അവരുടെ വാർഷിക വികസന പദ്ധതികളിൽ സർക്കാർ നിർദ്ദേശാനുസരണമുള്ള പരമാവധി കുറഞ്ഞ തുക പോലും വകയിരുത്താതിരുന്നതിനാൽ ഉൽപ്പാദനം വർദ്ധിപ്പിക്കൽ, ഉൽപ്പാദനമേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കൽ, പട്ടികജാതിക്കാരുടെ ഉന്നമനം, സ്ത്രീശാക്തീകരണം, വൃദ്ധർക്കും വൈകല്യമുള്ളവർക്കും ആശ്വാസവും സുരക്ഷയും പ്രദാനം ചെയ്യൽ, ജലക്ഷാമം പരിഹരിക്കൽ തുടങ്ങി സർക്കാർ മുന്നോട്ടുവച്ച ലക്ഷ്യങ്ങൾ വിഭാവനം ചെയ്ത രീതിയിൽ കൈവരിക്കാനായില്ല.

**അക്ഷയ കമ്പ്യൂട്ടർ പരിപാടി**

3.2.42 ഒരു കുടുംബത്തിലെ ഒരംഗത്തിനെങ്കിലും കമ്പ്യൂട്ടർ സാക്ഷരത പ്രദാനം ചെയ്യാനുള്ളതായിരുന്നു അക്ഷയ കമ്പ്യൂട്ടർ പരിപാടി. ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽ നിന്നുള്ള ഫണ്ടുകൂടി ഉപയോഗിച്ച് ഗ്രാമപഞ്ചായത്തുകളായിരുന്നു പദ്ധതി നടപ്പിലാക്കിയത്. ഗ്രാമപഞ്ചായത്ത് 60 രൂപ, ബ്ലോക്ക് പഞ്ചായത്ത് 10 രൂപ, ജില്ലാപഞ്ചായത്ത് 10 രൂപ, ഗുണഭോക്താവ് 40 രൂപ എന്ന ക്രമത്തിൽ പരിശീലന ചെലവായ 120 രൂപ പങ്കുവച്ചു. മൂന്നു ബ്ലോക്ക് പഞ്ചായത്തുകളും അവരുടെ കീഴിലുള്ള 20 ഗ്രാമപഞ്ചായത്തുകളും ചേർന്ന് രൂപം നൽകിയ പ്രോജക്ടുകളിൽ അഞ്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

വിഹിതം 3.60 ലക്ഷം രൂപ കുറവും രണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം 0.68 ലക്ഷം രൂപ കൂടുതലുമായിരുന്നുവെന്ന് താഴെ കൊടുക്കുന്ന പട്ടിക സൂചിപ്പിക്കുന്നു:

*(രൂപ ലക്ഷത്തിൽ)*

| *ക്രമ നമ്പർ* | *തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്* | *വകയിരുത്തിയ തിൽ കുറവ്* | *അധിക വകയിരുത്തൽ* |
|---|---|---|---|
| 1 | മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് | 1.95 | |
| 2 | വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് | 0.14 | |
| 3 | മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് | 0.30 | |
| 4 | ഒല്ലൂക്കര ഗ്രാമപഞ്ചായത്ത് | 0.68 | |
| 5 | പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് | 0.53 | |
| 6 | കടങ്ങോട് ഗ്രാമപഞ്ചായത്ത് | .. | 0.38 |
| 7 | അവന്നൂർ ഗ്രാമപഞ്ചായത്ത് | .. | 0.30 |
| | ആകെ | 3.60 | 0.68 |

**സംയുക്ത പ്രോജക്ടുകൾ**

3.2.43 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംയുക്ത പ്രോജക്ടുകൾ നടപ്പാക്കുന്നതിന് സർക്കാർ അനുവദിച്ചു. ഇതിനായി പങ്കാളികളായ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്ത പ്രോജക്ടിലെ അവരവരുടെ വിഹിതത്തിനുള്ള പ്രോജക്ടുകൾക്ക് രൂപം നൽകണമായിരുന്നു. നിർവ്വഹണസമയത്ത്, പങ്കാളികളായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ വിഹിതം നിർവ്വഹണം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറണമായിരുന്നു. 2004-05-ൽ 1.74 കോടി രൂപ അടങ്കലുള്ള 32 സംയുക്ത പ്രോജക്ടുകൾക്ക് നിർവ്വഹണം നടത്തുന്ന 22 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപം നൽകിയെങ്കിലും പങ്കാളികളായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ മൊത്തം വിഹിതമായ 0.77 കോടി രൂപയ്ക്കുള്ള പദ്ധതികൾക്ക് രൂപം നൽകിയില്ല. തൽഫലമായി സംയുക്ത പ്രോജക്ടുകൾ നിർവ്വഹണക്ഷമമായില്ല.

**അങ്കണവാടി പോഷകാഹാര പദ്ധതി**

3.2.44 അങ്കണവാടികളിലെ പോഷകാഹാര വിതരണം തടസ്സമില്ലാതെ തുടരുന്നുവെന്ന് ഉറപ്പുവരുത്താനായി ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും 2:1 എന്ന അനുപാതത്തിൽ തങ്ങളുടെ വാർഷിക പദ്ധതികളിൽ ആവശ്യമായ ഫണ്ട് വകയിരുത്തേണ്ടിയിരുന്നു. ഇതിനുവേണ്ടി, അങ്കണവാടി പോഷകാഹാര വിതരണത്തിന് ആവശ്യമായ തുക ഗ്രാമപഞ്ചായത്ത് കണക്കാക്കുകയും ബ്ലോക്ക് പഞ്ചായത്തിനോട്

അവയുടെ വിഹിതത്തിനനുസൃതമായി പദ്ധതി രൂപീകരിക്കണമെന്നും അറിയിക്കേണ്ടിയിരുന്നു. 2000- 2005 കാലയളവിൽ, മൂന്ന് ബ്ലോക്ക് പഞ്ചായത്തുകളിലെ 17 ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതികളിൽ, ബ്ലോക്ക് പഞ്ചായത്തുകൾ 31.39 ലക്ഷം രൂപ കുറച്ചും ഗ്രാമപഞ്ചായത്തുകൾ 26.20 ലക്ഷം രൂപ അധികമായും താഴെപ്പറയുംവിധം വകയിരുത്തിയതായി കണ്ടു:

*(രൂപ ലക്ഷത്തിൽ)*

| *ബ്ലോക്ക് പഞ്ചായത്തിന്റെ പേര്* | *ഗ്രാമപഞ്ചായത്തുകളുടെ എണ്ണം* | *ഗ്രാമപഞ്ചായത്ത് പദ്ധതിയിൽ അങ്ങണവാടി പോഷകാഹാര പദ്ധതിയുടെ ആകെ അടങ്കൽ* | *വകയിരുത്തേണ്ട തുക* | | *പദ്ധതിയിൽ വകയിരുത്തിയത്* | | *ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തിയതിലെ കുറവ്* | *ഗ്രാമപഞ്ചായത്ത് അധികം വകയിരുത്തിയത്* |
|---|---|---|---|---|---|---|---|---|
| | | | *ബ്ലോക്ക് പഞ്ചായത്ത്* | *ഗ്രാമ പഞ്ചായത്ത്* | *ബ്ലോക്ക് പഞ്ചായത്ത്* | *ഗ്രാമ പഞ്ചായത്ത്* | | |
| പുഴക്കര | 6 | 136.50 | 45.50 | 91.00 | 22.00 | 103.92 | 23.50 | 12.92 |
| ഒല്ലൂക്കര | 5 | 128.53 | 42.84 | 85.69 | 39.70 | 89.00 | 3.14 | 3.31 |
| ചാലക്കുടി | 6 | 134.21 | 44.73 | 89.48 | 39.98 | 99.46 | 4.75 | 9.98 |
| ആകെ | 17 | 399.24 | 133.07 | 266.17 | 101.68 | 292.38 | 31.39 | 26.21 |

3.2.45 പദ്ധതികൾക്ക് കുറഞ്ഞ/വർദ്ധിച്ച വിഹിതം വകയിരുത്തിയത്, ബ്ലോക്ക് പഞ്ചായത്തുകളുടെയും ഗ്രാമപഞ്ചായത്തുകളുടെയും പരസ്പരധാരണയില്ലായ്മയും, കൂടാതെ ഡി.പി.സി., റ്റി.എ.സി. എന്നിവ പദ്ധതിയുടെ പ്രായോഗികത ശരിയായി വിലയിരുത്തിയിട്ടില്ലായെന്നതും സൂചിപ്പിക്കുന്നു.

**ഗുണഭോക്താക്കൾക്ക് നേരിട്ട് റിവോൾവിങ് ഫണ്ട് നൽകൽ**

3.2.46 സ്വാശ്രയസംഘങ്ങൾക്ക് കാഷ് ക്രെഡിറ്റ് അനുവദിച്ച ബാങ്കുകളിലേക്കാണ് റിവോൾവിങ് ഫണ്ടിന്റെ സബ്സിഡി ഗ്രാന്റ് നൽകേണ്ടിയിരുന്നത്, അല്ലാതെ ഗുണഭോക്താക്കൾക്ക് നേരിട്ടല്ല. എന്നാൽ 2002-05 കാലയളവിൽ, നാല് തദ്ദേശസ്ഥാപനങ്ങൾ 25.38 ലക്ഷം രൂപയുടെ ആറ് പദ്ധതികൾ സ്വാശ്രയസംഘങ്ങൾക്ക് നേരിട്ട് റിവോൾവിങ് ഫണ്ട് നൽകാനായി രൂപം നൽകിയതിനാൽ പ്ലാൻ ഫണ്ടിന്റെ ഉപയോഗംകൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനം ഉറപ്പാക്കാനായില്ല.

**മോണിട്ടറിംഗ്**

3.2.47 തദ്ദേശസ്വയംഭരണ സ്ഥാപനം, ഡി.പി.സി. എന്നീ തലങ്ങളിൽ പദ്ധതി രൂപീകരണത്തിന്റെ മോണിട്ടറിങ് അപര്യാപ്തമായിരുന്നു. വികേന്ദ്രീകൃതാസൂത്രണത്തിന്റെ പ്രാഥമിക ഘടകങ്ങളായ വർക്കിങ് ഗ്രൂപ്പുകൾ, ഗ്രാമ/വാർഡ് സഭകൾ, വികസന സെമിനാറുകൾ എന്നിവയുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരാജയപ്പെട്ടു. തൽഫലമായി ഈ ഘടകങ്ങൾ അവയുടെ ഉത്തരവാദിത്വം യഥാവിധി നിറവേറ്റുന്നുണ്ടെന്ന് ഉറപ്പാക്കാനുള്ള സംവിധാനം ഇല്ലാതെപോയി. പദ്ധതികളുടെ മൂല്യനിർണ്ണയം ഏൽപ്പിക്കപ്പെട്ട റ്റി.എ.സി.-യുടെ പ്രവർത്തനം, ഡി.പി.സി. ശരിയായി നിരീക്ഷിച്ചില്ല. മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാതെ രൂപംകൊടുത്ത പദ്ധതികൾക്ക്, റ്റി.എ.സി.-യുടെ ശുപാർശ ലഭിക്കുന്നതിന് ഇത് ഇടയാക്കി. ഈവിധ വീഴ്ചകളുടെ ഉത്തരവാദിത്വം തീരുമാനിക്കപ്പെട്ടിട്ടില്ല.

**നിഗമനങ്ങൾ**

3.2.48 പദ്ധതി രൂപീകരണം സംബന്ധിച്ച് മുകളിൽ കൊടുത്തിട്ടുള്ള വിശകലനം സൂചിപ്പിക്കുന്നത് ഇവയാണ് :

- പ്രോജക്ടുകളുടെ ചെലവുകൾ ഉൾക്കൊളളിക്കാത്തതിനാൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ബഡ്ജറ്റ് അവാസ്തവികമായി. മാർഗരേഖ പുറപ്പെടുവിക്കുന്നതിൽ ഗവൺമെന്റ് വരുത്തിയ കാലതാമസംമൂലം പദ്ധതി രൂപീകരണം താമസിച്ചു.

- അതതുമേഖലയിൽ വൈദഗ്ദ്ധ്യമുള്ള വർക്കിങ് ഗ്രൂപ്പുകൾ വികസന പദ്ധതികൾ വിശദമായി അപഗ്രഥനം ചെയ്യേണ്ടതിന്റെ ആവശ്യകത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗൗരവമായി ഉൾക്കൊണ്ടില്ല. വികലമായി സംഘടിപ്പിച്ച വർക്കിങ് ഗ്രൂപ്പുകൾ, അശ്രദ്ധമായും അലക്ഷ്യമായും പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ഇത് ഇടയാക്കി.

- കുറഞ്ഞ പങ്കാളിത്തവും പര്യാലോചനയുടെ അപര്യാപ്തതയുംമൂലം വികേന്ദ്രീകൃതാസൂത്രണത്തിന്റെ സുപ്രധാന സ്ഥാപനങ്ങളായ ഗ്രാമ/വാർഡ് സഭകൾ ഫലപ്രദമായി പ്രവർത്തിക്കാനായില്ല. ഇതുമൂലം വികസന പദ്ധതികളുടെ ഉദ്ദേശിച്ച തരത്തിലുള്ള രൂപീകരണവും മുൻഗണനാക്രമവും നിശ്ചയിക്കലും ജനപങ്കാളിത്തത്തോടെ കൈവരിക്കാനായില്ല.

- മോണിട്ടറിങ്ങിന്റെ അഭാവത്തിൽ ബ്ലോക്ക്/ജില്ലാതല ടെക്നിക്കൽ കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിച്ചില്ല. റ്റി.എ.സി.-കളുടെ സൂക്ഷ്മ പരിശോധനയ്ക്കുമുമ്പ് ഡി.പി.സി. പ്രോജക്ടുകൾ അംഗീകരിച്ചത്, പിന്നീടുള്ള സൂക്ഷ്മപരിശോധന അർത്ഥശൂന്യമാക്കി.

- ഡി.പി.സി. യോഗങ്ങളിൽ വിദഗ്ദ്ധാംഗം പങ്കെടുക്കാത്തതും ടി.എ.സി.-കളുടെ അംഗീകാരമില്ലാത്ത പ്രോജക്ടുകൾ അംഗീകരിച്ചതും, ഡി.പി.സി.-യുടെ പദ്ധതിയംഗീകാരത്തെ ഒരു ചടങ്ങ് മാത്രമാക്കി.

- ഒൻപതാം പദ്ധതിക്കാലത്ത് സൃഷ്ടിക്കപ്പെട്ട സാമൂഹിക/വ്യക്തിഗത ആസ്തികളുടെ കണക്കെടുപ്പ് ഗവൺമെന്റ് നിർദ്ദേശിച്ചപ്രകാരം നടത്തിയിരുന്നുവെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യാഥാർത്ഥ്യ ബോധമുള്ള ഒരു വികസനസമീപനം അവലംബിക്കാമായിരുന്നു. ഒൻപതാം പദ്ധതിക്കാലത്ത് സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ കണക്കെടുപ്പും അവയുടെ ഉപയോഗ്യാവസ്ഥയും നിർണ്ണയിക്കുന്നതിൽ, പരിശോധനയ്ക്ക് വിധേയ മാക്കിയ എല്ലാ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും പരാജയപ്പെട്ടു. അതിനാൽ അപര്യാപ്തമായ സ്ഥിതിവിവരങ്ങളെ അടിസ്ഥാനമാക്കിയാണ് 10-ാം പദ്ധതിയിലെ പ്രോജക്ടുകൾ തയ്യാറാക്കിയത്.

- പ്രത്യേകവിഭാഗങ്ങളുടെ ദീർഘകാലവികസനത്തിന് വേണ്ടി പട്ടികജാതി/ പട്ടികവർഗ്ഗ/വനിതകൾ/കുട്ടികൾ തുടങ്ങിയ ലക്ഷ്യഗ്രൂപ്പുകളുടെ ക്ഷേമത്തിനായി നീക്കിവച്ച ഫണ്ടുകൾ വിനിയോഗിക്കുന്നതിനുവേണ്ടി പ്രോജക്ടുകൾ രൂപീകരിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരാജയപ്പെട്ടു. അത് ഭാവിയിൽ സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ താല്പര്യങ്ങൾക്ക് ഹാനികരമാകാനിടയുണ്ട്.

[സി. & എ.ജി-യുടെ 2005 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.2.]

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. ഡി.പി.സി.-യുടെ പ്രവർത്തനം സംബന്ധിച്ച് സി.&എ.ജി. ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയെ താഴെ പറയും പ്രകാരം അറിയിച്ചു :

2. പദ്ധതികൾക്ക് അംഗീകാരം നൽകുന്നതെന്നാണെന്നതു സംബന്ധിച്ച് ഡി.പി.സി.-യുടെ മിനിട്സിൽ രേഖപ്പെടുത്താറില്ലായിരുന്നുവെന്നും പഞ്ചായത്തിന്റെ പേര് മാത്രമേ ഉൾപ്പെടുത്താറുണ്ടായിരുന്നുള്ളൂവെന്നും പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഡി.പി.സി. സൂക്ഷിച്ചിരുന്നില്ലെന്നും എന്നാൽ 11-ാം പദ്ധതിയുടെ ആരംഭത്തിൽത്തന്നെ ഇതു സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കിയെന്നും ഇപ്പോൾ പ്രസ്തുത വിവരങ്ങളെല്ലാം കംപ്യൂട്ടറൈസ്ഡ് ആക്കിയിട്ടുണ്ടെന്നും അവ ഇപ്പോൾ ലഭ്യമാണെന്നും സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. കൂടാതെ ഡി.പി.സി.-യുടെ പ്രൊസീഡിംഗ്സിന്റെ കോപ്പി അടുത്തവർഷം മുതൽ പഞ്ചായത്തുകൾക്ക് നൽകുമെന്നതിനാൽ പദ്ധതികൾക്ക് ആധികാരികത കൈവരുകയും ചെയ്യും. പദ്ധതികളുടെ വിവരങ്ങളെല്ലാം കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ടെന്നും ഒരുവർഷം അംഗീകാരം നൽകിയിട്ടുള്ള പദ്ധതികൾ ഏതൊക്കെ യാണെന്ന് അതിനാൽത്തന്നെ അറിയാൻ സാധിക്കുമെന്നും സെക്രട്ടറി അറിയിച്ചു. എന്നിരുന്നാലും ഡി.പി.സി. അംഗീകാരം നൽകിയ പദ്ധതികളിൽ അവർ അറിയാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറ്റംവരുത്തുന്നതു ശ്രദ്ധയിൽപ്പെട്ടുവെന്നും അതിനാൽ പഞ്ചായത്തുകൾ ട്രഷറിയിൽ ബിൽ സമർപ്പിക്കുമ്പോൾ പദ്ധതിക്ക് അംഗീകാരം നൽകിയ ഡി.പി.സി.-യുടെ പ്രൊസീഡിംഗ്സ് നിർബന്ധമായും നൽകണമെന്ന

നിബന്ധന ഈ സാമ്പത്തികവർഷം തന്നെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അങ്ങനെവരുമ്പോൾ അംഗീകാരമില്ലാത്ത പ്രോജക്ടുകൾക്കുമേൽ സാമ്പത്തിക നിയന്ത്രണം ഏർപ്പെടുത്തുവാൻ കഴിയുമെന്നും സെക്രട്ടറി വിശദീകരിച്ചു.

3. പഞ്ചായത്ത് നൽകുന്ന പ്രൊസീഡിംഗ്സ് നോക്കി അലോട്ട്മെന്റിൽ ഉള്ളതിലും തുക അധികരിച്ചിട്ടുണ്ടോയെന്നു പരിശോധിക്കുന്നതിനുള്ള ഒരു സംവിധാനം ട്രഷറിയിൽ നടപ്പിലാക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടെന്നും ഈവർഷം തന്നെ ഇത് നടപ്പിലാക്കുമെന്ന് അറിയിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. ഇത് നടപ്പിലാക്കുന്നതോടെ ഇതു സംബന്ധിച്ചുള്ള പ്രശ്നം അവസാനിക്കുമെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

4. ജില്ലാ പ്ലാനിംഗ് കമ്മിറ്റി ശരിയായ രീതിയിൽ മിനിട്സ് സൂക്ഷിക്കാത്ത ധാരാളം സംഭവങ്ങളെക്കുറിച്ച് സി. ആന്റ് എ. ജി.-യുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെന്നും മിനിട്സ് എഴുതാതെ ജില്ലാ പ്ലാനിംഗ് കമ്മിറ്റി പ്രവർത്തനം നടത്തുന്നതെങ്ങനെയാണെന്ന് സംശയം പ്രകടിപ്പിക്കുകയും ഇത് പൊതുവായി ചർച്ച ചെയ്യേണ്ട വിഷയമാണെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

5. ഗവൺമെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് ഡി.പി.സി. പ്രവർത്തിച്ചു വരുന്നതെങ്കിലും പ്ലാനിംഗിന് ഒരു റൂൾ വേണമെന്ന ധാരണയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള കരടുചട്ടം കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ പരിഗണനയിലാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളിൽ പുതിയ ഭരണസമിതി ചുമതലയേൽക്കുന്നതിന് മുൻപ് കരട് ചട്ടങ്ങൾക്ക് അംഗീകാരം നൽകുമെന്നും പ്ലാനിംഗ് പ്രോസസ് പൂർത്തീകരിക്കുമെന്നും സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി.

6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിന് അടിസ്ഥാന വിവരങ്ങളുടെ ശേഖരം അത്യാവശ്യമാണെന്നു സമിതി അഭിപ്രായപ്പെടുകയും ഇവ ശേഖരിക്കണമെന്ന ആവശ്യം ജനകീയാസൂത്രണത്തിന്റെ ആദ്യകാലം മുതൽ ഉള്ളതാണെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തു. പദ്ധതി രൂപീകരണത്തിന് ഇതുവരെ ചട്ടങ്ങൾ തയ്യാറാക്കിയിട്ടില്ലെന്നതും പകരം സർക്കാർ ഉത്തരവുകളായി കാലാകാലങ്ങളിൽ ഇറങ്ങിയിട്ടുള്ള ഗൈഡ് ലൈൻസ് മാത്രമാണ് ഉള്ളതെന്നും സമിതി ചൂണ്ടിക്കാണിച്ചു. ജനകീയാസൂത്രണം ആരംഭിച്ച് 15 വർഷമായിട്ടും പദ്ധതിരൂപീകരണം സംബന്ധിച്ച ചട്ടങ്ങൾ തയ്യാറാക്കാത്തത് ഗുരുതരമായ വീഴ്ചയാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

7. ഡേറ്റാ കളക്ഷന്റെ കാര്യത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് "പഞ്ചായത്ത് ലവൽ സ്റ്റാറ്റിസ്റ്റിക്സ്" എന്നൊരു പ്രസിദ്ധീകരണം 2000-ൽ പുറത്തിറക്കിയിട്ടുണ്ട്. ലഭ്യമായ എല്ലാ വിവരങ്ങളും ക്രോഡീകരിച്ച് ജില്ലതിരിച്ച് ഹാൻഡ്ബുക്കായി ഇതു പ്രസിദ്ധീകരിക്കുന്നു ണ്ടെന്നും 14 ജില്ലകളുടെയും ഹാൻഡ് ബുക്ക് ലഭ്യമാണെന്നും തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറി സമിതിയെ അറിയിച്ചു. എന്നാൽ പ്രസ്തുത ഡേറ്റാ ഉപയോഗിച്ച് പ്ലാൻ തയ്യാറാക്കാൻ സാധിക്കുമോയെന്ന് സമിതി സന്ദേഹം പ്രകടിപ്പിച്ചു. ഇപ്പോൾ ലഭ്യമായിട്ടുള്ള ഡേറ്റാ ഉപയോഗിച്ച് ഒരു ജില്ലയുടെ മുൻഗണനാക്രമം നോക്കുന്നതിനേ

കഴിയുകയുള്ളൂവെന്നും പഞ്ചായത്തിലുള്ള മൈക്രോ ലെവൽ ഡേറ്റാ പ്ലാനിംഗിന് പ്രയോജനപ്പെടുത്താൻ സാധിക്കാത്ത സ്ഥിതിയാണുള്ളതെന്നും സെക്രട്ടറി വെളിപ്പെടുത്തി.

8. ബേസിക് ഡേറ്റാ കളക്ഷനുവേണ്ടി ഒരു ഫോർമാറ്റ് തയ്യാറാക്കി നൽകുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അടുത്തുവരുന്ന ഭരണസമിതികൾക്ക് പ്ലാൻ തയ്യാറാക്കുന്നതിന് പ്രയോജനപ്പെടുമെന്നും ഇതു സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു. ഇത് സംബന്ധിച്ച് ചർച്ച നടക്കുക യാണെന്നും പുതിയ ഭരണസമിതി നിലവിൽ വരുമ്പോൾ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തെയും സംബന്ധിക്കുന്ന ഡേറ്റാ അവർക്ക് ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

9. ഏതെങ്കിലും പ്രോജക്ടിനു വേണ്ടി അഡ്വാൻസ് നൽകുന്ന തുക ചെലവഴിച്ചതായി രേഖപ്പെടുത്താൻ ഇപ്പോൾ സാധിക്കുകയില്ലെന്നും ഏതെങ്കിലും പ്രോജക്ടിനുവേണ്ടി നിയമാനുസൃതം മാത്രമേ തുക ഡെപ്പോസിറ്റ് ചെയ്യാൻ കഴിയുകയുള്ളൂവെന്നും സമിതിയുടെ ചോദ്യത്തിനുത്തരമായി സെക്രട്ടറി അറിയിച്ചു.

10. ഗ്രാമ/വാർഡ് സഭകളെ കുറിച്ചുള്ള സി. & എ. ജി.-യുടെ റിപ്പോർട്ടിലെ പരാമർശങ്ങൾ സമിതി പരിശോധിക്കുകയും ഗ്രാമ/വാർഡ് സഭകളുടെ യോഗങ്ങളിൽ ജനപങ്കാളിത്തം കുറവാണെന്നും കുടുംബശ്രീയിലെ അംഗങ്ങൾ മാത്രമാണ് ഇവയിൽ പങ്കെടുക്കാറുള്ളതെന്നും സമിതി ചൂണ്ടിക്കാണിച്ചു. വടക്കൻ ജില്ലകളിൽ പ്രത്യേകിച്ച് തൃശ്ശൂർ, പാലക്കാട് എന്നിവിടങ്ങളിലെ ഗ്രാമസഭകളിൽ ജനപങ്കാളിത്തം കൂടുതലാണെന്നും തെക്കൻജില്ലകളിലും നഗരപ്രദേശങ്ങളിലും ജനപങ്കാളിത്തം കുറവാണെന്നും ഇതിനുള്ള കാരണം വ്യക്തമല്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. അധികാര വികേന്ദ്രീകരണത്തിലെ പരിഹൃതമല്ലാത്ത രണ്ടു വെല്ലുവിളികളിൽ ഒന്നാമത്തേത് ലോക്കൽ പ്ലാനിംഗും രണ്ടാമത്തേത് ജനപങ്കാളിത്തവുമാണെന്ന് സെക്രട്ടറി ചൂണ്ടിക്കാട്ടി. പദ്ധതി രൂപീകരണത്തിൽ ജനപങ്കാളിത്തം കുറവാണെന്നും മിക്കപ്പോഴും അത് വാർഡ് തലത്തിൽ മെമ്പർമാർ തമ്മിലുള്ള പദ്ധതി വിഭജനമാകാറുണ്ടെന്നും ഇതിൽ രാഷ്ട്രീയം കലരാറില്ലെന്നും സെക്രട്ടറി വിശദീകരിച്ചു. പദ്ധതിയുടെ പ്ലാനിംഗ് ഘട്ടത്തിൽ ജനപങ്കാളിത്തം ഉണ്ടാകുന്നില്ല. തീരുമാനങ്ങൾ എടുക്കുന്നത് പഞ്ചായത്താണ്. എന്നാൽ ഗുണഭോക്തൃ സമിതി ചേരുമ്പോൾ ജനപങ്കാളിത്തമുണ്ടാകാറുണ്ട് എന്ന് സെക്രട്ടറി കൂട്ടിച്ചേർത്തു. പദ്ധതി രൂപീകരണ പ്രക്രിയയിൽ ലോക്കൽ പ്ലാനിംഗും ജനപങ്കാളിത്തവും നിർണ്ണായകമാണെന്ന് സെക്രട്ടറി അഭിപ്രായപ്പെട്ടു.

11. പ്ലാനിംഗിൽ, ജനങ്ങൾ പറയുന്ന കാര്യങ്ങളാണ് അവിടത്തെ ആവശ്യമെന്നും പ്രസ്തുത കാര്യങ്ങൾകൂടി ഉൾപ്പെടുന്ന പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയാൽ ജനങ്ങൾക്ക് കുറച്ചുകൂടി വിശ്വാസമുണ്ടാകുമെന്നും സമിതി അഭിപ്രായപ്പെട്ടു.

12. പ്രസ്തുത വിഷയം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇച്ഛാശക്തിയെ ആശ്രയിച്ചിരിക്കുമെന്നും വാർഡ്സഭ നടത്തുന്ന ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് മാത്രമേ ചട്ടപ്രകാരം ഇപ്പോൾ നിർബന്ധിതമാക്കിയിട്ടുള്ളൂവെന്നും വാർഡ് സഭയുടെ ഉപദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മറികടക്കാവുന്നതാണെന്നും

സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. ആയതിനാൽ വാർഡ്സഭയുടെ നിർദ്ദേശം മറികടക്കരുതെന്നുള്ള ഒരു ആശയം കൊണ്ടുവരേണ്ടതാണെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. ഗ്രാമസഭ ചെയ്യാൻ പാടില്ലെന്നു പറഞ്ഞ ഒരു വർക്ക് പഞ്ചായത്ത് ചെയ്യാൻ പാടില്ലെന്ന് ഹൈക്കോടതിയുടെ വിധി ഉണ്ടെന്നും സമിതി ചൂണ്ടിക്കാണിച്ചു. സാമ്പത്തിക വർഷത്തിന്റെ അവസാനത്തെ മൂന്നുമാസങ്ങളാണ് പദ്ധതിത്തുക ചെലവഴിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നതെന്നും ആയതിനാൽ പദ്ധതി നടത്തിപ്പിന് ഒരു സാമ്പത്തിക വർഷം മുഴുവൻ ലഭിക്കത്തക്കവിധത്തിൽ എന്തുചെയ്യാൻ കഴിയുമെന്ന് സമിതി ആരാഞ്ഞതിന് ഇപ്പോൾ ഈ രീതിക്ക് മാറ്റംവന്നിട്ടുണ്ടെന്നും 2008-09 വർഷം ആഗസ്റ്റ് മാസം പകുതിയോടുകൂടി 1150 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആദ്യഘട്ടത്തിനുള്ള പ്ലാൻ അംഗീകരിച്ചിട്ടുണ്ടെന്നും ഇത് 20% വരുന്ന സ്പിൽഓവർ പ്രോജക്ടുകൾ ഉൾപ്പെടെ ഏകദേശം 60 ശതമാനത്തോളം വരുമെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. രണ്ടാം ഘട്ടത്തിന് 22-12-2009-ലാണ് അംഗീകാരം നല്കിയതെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. 2009-10-ൽ 1138 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഒന്നാംഘട്ട പ്രോജക്ടുകൾ ജൂലൈ പകുതിയോടുകൂടി അംഗീകരിച്ചിട്ടുണ്ടെന്നും രണ്ടാംഘട്ടത്തിന് ഡിസംബറിൽ അംഗീകാരം നല്കിയിട്ടുണ്ടെന്നും സെക്രട്ടറി വെളിപ്പെടുത്തി. 2010-11-ലേക്കുള്ള പ്രോജക്ടുകൾ 31-3-2010-നകം അംഗീകാരം നേടിയിരിക്കണമെന്നു നിർദ്ദേശിച്ചിരുന്നെങ്കിലും 34 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാത്രമേ പദ്ധതികൾ സമർപ്പിച്ചിട്ടുള്ളൂവെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടക്കുമെന്നതിനാൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പദ്ധതികൾ രൂപീകരിക്കുന്നതിന് താല്പര്യം കാണിക്കുന്നില്ലെന്നും സെക്രട്ടറി അഭിപ്രായപ്പെട്ടു. പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള ഗ്രാമസഭകളിൽ ഫെസിലിറ്റേറ്റേഴ്സിനെ അയച്ച് പലതരത്തിലുള്ള പ്രോജക്ടുകൾ അവതരിപ്പിച്ചെങ്കിലും പ്രസ്തുത പരീക്ഷണം വിജയിച്ചില്ലെന്നും വ്യക്തിപരമായ ആവശ്യങ്ങളല്ലാതെ പഞ്ചായത്തിന്റെ പൊതുവായ ആവശ്യങ്ങളെക്കുറിച്ച് ജനങ്ങൾ പൊതുവേ പറയാറില്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. ആത്യന്തികമായി ഒരു ഡേറ്റാ ബേസ്ഡ് പ്ലാനിംഗിലേക്ക് പോകേണ്ടതുണ്ടെന്ന് സെക്രട്ടറി അഭിപ്രായപ്പെട്ടു.

13. വാർഡ് പ്രോജക്ടിന് മാൻഡേറ്ററി ടൈംടേബിൾ ഉണ്ടെന്ന് സമിതിയുടെ ചോദ്യത്തിനുത്തരമായി സെക്രട്ടറി അറിയിച്ചു.

14. മാർച്ച് 31-നുശേഷം അംഗീകാരംതേടുന്ന പ്രോജക്ടുകൾക്ക് പദ്ധതി നിർവ്വഹണത്തിന് ഒരു സാമ്പത്തികവർഷം പൂർണ്ണമായും ലഭിക്കുകയില്ല എന്ന കാരണത്താൽ പദ്ധതിക്കുള്ള അംഗീകാരം നൽകുകയില്ലെന്നുള്ള ഒരു തീരുമാനം ഉണ്ടാകുകയും അത് നിർബന്ധമായും നടപ്പിലാക്കുകയും ചെയ്യണമെന്നും, വികസന സെമിനാറുകളിൽ ഇക്കാര്യം ചൂണ്ടിക്കാണിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

15. പദ്ധതി ചട്ടങ്ങൾ നടപ്പിലാക്കിയാൽ മാത്രമേ ഇത് സാധ്യമാകുകയുള്ളൂ വെന്ന് സെക്രട്ടറി അഭിപ്രായപ്പെട്ടു. പദ്ധതി ചട്ടങ്ങൾ ആയതുകൊണ്ട് സ്റ്റാറ്റ്യൂട്ടറിയല്ലെന്നും സ്റ്റാറ്റ്യൂട്ടറിയായിട്ട് മാർച്ച് 31 കഴിഞ്ഞ് പദ്ധതി തയ്യാറാക്കാൻ പറ്റുകയില്ലെന്നു പറയുന്നത് ബുദ്ധിമുട്ടാണെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

16. നടപ്പുവർഷം മാർച്ച് 31-നു പ്ലാൻ തയ്യാറാക്കി അംഗീകാരത്തിനു സമർപ്പിക്കണമെന്ന നിർദ്ദേശം നടപ്പിലായില്ലെന്നും തെരഞ്ഞെടുപ്പിനുശേഷം പുതിയ ഭരണസമിതി അധികാരത്തിൽ വരുമ്പോൾ അവർക്ക് ലഭിക്കുന്ന മൂന്നു മാസങ്ങൾകൊണ്ട് അടുത്തവർഷത്തേക്കുള്ള പ്ലാൻ തയ്യാറാക്കാൻ സാധ്യതയില്ലെന്നും സെക്രട്ടറി അഭിപ്രായപ്പെട്ടു.

17. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണസമിതി അധികാരത്തിൽ വരുന്നതിനുമുൻപ് പദ്ധതി ചട്ടങ്ങൾ നിലവിൽവന്നാൽ അവർക്ക് പദ്ധതിരൂപീകരണം ഉടനെ ആരംഭിക്കാൻ സാധിക്കുമെന്ന് സമിതി വിലയിരുത്തി.

18. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിൽ സുപ്രധാന പങ്കുവഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണത്തിലും സംഘാടനത്തിനും പ്രവർത്തനത്തിലും വന്നിട്ടുള്ള അപാകതകളെക്കുറിച്ച് സി.ആന്റ് എ.ജി.-യുടെ റിപ്പോർട്ടിലെ പരാമർശങ്ങൾ സമിതി പരിശോധിക്കുകയും വർക്കിംഗ് ഗ്രൂപ്പുകൾ ശരിയായി പ്രവർത്തിക്കുന്നില്ലെന്നും അതിനുവേണ്ടി മുൻകൈ എടുക്കുന്നതിന് ആരും തയ്യാറാകുന്നില്ലെന്നും, നിർവ്വഹണ ഉദ്യോഗസ്ഥൻമാർ പലരും വികസന സെമിനാറുകളിൽ പങ്കെടുക്കാതിരിക്കുകയോ സമയത്തിന് എത്തിച്ചേരാതിരിക്കുകയോ ചെയ്യുന്നുണ്ടെന്നും, വർക്കിംഗ് ഗ്രൂപ്പുകൂടി പ്രോജക്ട് തയ്യാറാക്കുന്നതിൽ തദ്ദേശസ്വയംഭരണ അംഗങ്ങൾ മനസ്സിരുത്തി ശ്രമിക്കാറില്ലെന്നും അവരിൽ പലർക്കും പദ്ധതിരൂപീകരണത്തെക്കുറിച്ച് ശരിയായ അറിവില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

19. വാർഡ് സമിതിയിലെ എല്ലാ അംഗങ്ങളും സമിതിയോഗത്തിൽ പങ്കെടുക്കുകയാണെങ്കിൽ അതൊരു നല്ല യോഗമായിരിക്കുമെന്ന് അഭിപ്രായപ്പെട്ട സമിതി ഇപ്പോൾ വാർഡ് കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കുന്നവരുടെ എണ്ണം വളരെ കുറവാണെന്നും, പ്രത്യേകിച്ച് ഓഫീസർമാർ ഇതിൽ പങ്കെടുക്കാറില്ലെന്നും ചൂണ്ടിക്കാണിക്കുകയുണ്ടായി. പ്രസ്തുത യോഗങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥർ പങ്കെടുക്കാതിരിക്കുന്നതിന്റെ ഒരു കാരണം തദ്ദേശസ്വയംഭരണ കാര്യദർശിയായ സെക്രട്ടറിയുടേയും ഗസറ്റഡ് ഓഫീസർമാരായ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും ഇടയിലുള്ള ഈഗോയുടെ ഫലമായിട്ടാണെന്നും ഇതുമൂലം ഓഡിറ്റിൽ കുഴപ്പങ്ങൾ ഉണ്ടാകാറുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. പദ്ധതി രൂപീകരണത്തിൽ മിക്ക നിർവ്വഹണ ഉദ്യോഗസ്ഥൻമാരും പങ്കെടുക്കാറില്ലെന്നും 'കില'-യിൽ പരിശീലനം നൽകുന്നുണ്ടെങ്കിലും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തമ്മിൽ ഉണ്ടായിരിക്കേണ്ട ബന്ധത്തെക്കുറിച്ചും പ്രോട്ടോകോൾ പ്രകാരം ഉദ്യോഗസ്ഥർ ജനപ്രതിനിധികളോട് ഇടപെടേണ്ടതെങ്ങനെയെന്നുമുള്ള കാര്യങ്ങളെ സംബന്ധിച്ചും 'കില'-യിൽ പഠിപ്പിക്കുന്നില്ലെന്നും സമിതി ചൂണ്ടിക്കാണിച്ചു. പദ്ധതി രൂപീകരണത്തിൽ ഗണ്യമായ സംഭാവന ചെയ്യുന്നതിനും സാങ്കേതികവും നിയമപരവുമായ വശങ്ങളെക്കുറിച്ച് നിർദ്ദേശം നൽകുന്നതിനും കഴിയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വേണ്ടത്ര പങ്കാളിത്തം ഇപ്പോൾ സമിതികളിലില്ലെന്നും ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ

സെക്രട്ടറിയുടെ തീരുമാനമനുസരിച്ച് കാര്യങ്ങൾ നടത്തുന്ന ഒരു സാഹചര്യമാണ് ഇപ്പോഴുള്ളതെന്ന് സമിതി വിലയിരുത്തുകയും ഇതിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറിയുടെ അഭിപ്രായം ആരായുകയും ചെയ്തു. ഇക്കാര്യം കൺസൾട്ടേറ്റീവ് കമ്മിറ്റിയിൽ ചർച്ചചെയ്ത് ഏകദേശം ധാരണയായിട്ടുണ്ടെന്നും മറ്റു സർക്കാർ ഓഫീസുകളിലേതുപോലെ പഞ്ചായത്തുകളിൽ എല്ലാ കാര്യങ്ങൾക്കും ഫയൽ മുഖേനയുള്ള കർശന സമ്പ്രദായം നിലവിലില്ലെന്നും വാക്കാലുള്ള നിർദ്ദേശങ്ങളും തെളിവുകളും രേഖപ്പെടുത്താറില്ലെന്നും ഒരു പദ്ധതി എടുക്കാൻ പാടില്ലെന്നു പഞ്ചായത്തു സെക്രട്ടറി അഭിപ്രായപ്പെട്ടാലും കമ്മിറ്റി അതെടുക്കണമെന്ന് തീരുമാനിക്കുകയാണെങ്കിൽ ആയതിന് രേഖയുണ്ടാകേണ്ടതാണെന്നും സെക്രട്ടറി അഭിപ്രായപ്പെട്ടു. ഇപ്രകാരമുള്ള കാര്യങ്ങൾക്ക് ഗവൺമെന്റിൽ രേഖയുണ്ടെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥർ, സെക്രട്ടറി എന്നിവരുടെയും, യോഗത്തിന്റെയും അഭിപ്രായങ്ങൾ മിനിട്സിൽ രേഖപ്പെടുത്തുന്ന രീതി നിർബന്ധമാക്കുന്നതിനും ഇപ്പോൾ നിലവിലുള്ള രജിസ്റ്റർ സൂക്ഷിക്കുന്ന രീതിയിൽനിന്നും ഫയൽ സിസ്റ്റത്തിലേക്ക് മാറുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്നും എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണസമിതി നിലവിൽവന്നാലേ ഇവ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂവെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

20. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ ഉൾപ്പെടുത്തി കോഡ് ഓഫ് കോണ്ടക്ട് എന്ന റൂൾസ് ഇറക്കിയിട്ടുണ്ടെന്നും ഇത് ഓംബുഡ്സ്മാൻ ലെവലിൽ നടപ്പിലാക്കുമെന്നും കോഡ് ഓഫ് കോണ്ടക്ടിൽ നിന്ന് വ്യതിചലിച്ചാൽ ഓംബുഡ്സ്മാന് പരാതി നൽകാവുന്നതും അവർക്ക് കേസ് എടുക്കാവുന്നതാണെന്നും സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ സംബന്ധിച്ച് 8000-ലധികം വരുന്ന ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ, കൂടാതെ സ്കൂൾ ഹെഡ്മാസ്റ്റർമാർ, പി.എച്ച്.സി. ഡോക്ടർമാർ തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് തദ്ദേശസ്വയംഭരണ വകുപ്പുസെക്രട്ടറി തന്നെ നേരിട്ട് ക്ലാസ്സ് എടുത്തിരുന്നുവെന്നും ലോക്കൽ കമ്മ്യൂണിറ്റിയും ഗവൺമെന്റുകളുമായി ഉദ്യോഗസ്ഥർക്കുള്ള ബന്ധത്തെക്കുറിച്ചാണ് ക്ലാസ്സ് നൽകിയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വത്തെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി സെക്രട്ടറി അറിയിച്ചു. 'ചീഫ് എക്സിക്യൂട്ടീവ് ഓഫ് ദി പഞ്ചായത്ത്' എന്ന ഒരു കൺസെപ്റ്റ് ഉണ്ടാകേണ്ടതാണെന്നും വെസ്റ്റേൺ ലോക്കൽ ഗവൺമെന്റിനൊക്കെ ചീഫ് എക്സിക്യൂട്ടീവ് ഉണ്ടെന്നും സെക്രട്ടറി അഭിപ്രായപ്പെട്ടു. ഇപ്രകാരമൊരു നിർദ്ദേശം ഇവിടെയും ഉള്ളതായി സമിതി അറിയിച്ചു.

21. പദ്ധതിരൂപീകരണത്തിന്റെ മോണിറ്ററിംഗ് അപര്യാപ്തമായിരുന്നുവെന്ന സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ടിലെ പരാമർശം സമിതി പരിശോധിക്കുകയും പദ്ധതികളുടെ മൂല്യനിർണ്ണയം ഏൽപ്പിക്കപ്പെട്ട ടെക്നിക്കൽ കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കാത്തതിനാൽ ഉദ്ദേശിച്ച ഫലം നേടാനായില്ലെന്നും അവയുടെ പ്രവർത്തനത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് വേണ്ട നടപടികളോ നിർദ്ദേശങ്ങളോ നൽകാത്തത് ജനകീയാസൂത്രണ പദ്ധതിയുടെ നടത്തിപ്പിലെ പാളിച്ചയാണെന്ന് വിലയിരുത്തുകയും ചെയ്തു.

22. പദ്ധതി രൂപീകരണമെന്നും മേൽനോട്ടമെന്നും രണ്ട് ഉത്തരവാദിത്വങ്ങളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളതെന്നും എന്നാൽ ഇതിൽ പോരായ്മകൾ സംഭവിച്ചിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

23. പഞ്ചായത്തുകൾ സമർപ്പിക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുക എന്നതല്ലാതെ ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണെന്ന് സമിതി ആരാഞ്ഞതിന് പ്ലാൻ മോണിട്ടർ ചെയ്യേണ്ടത് ഡി.പി.സി. ആണെന്നും എല്ലാ മൂന്നാം ശനിയാഴ്ചയും പ്ലാൻ മോണിട്ടർ ചെയ്യണമെന്നും നയപരമായ പ്രശ്നങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ ഗവൺമെന്റിനെ അറിയിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ വളരെ ചെറിയ കാര്യങ്ങൾവരെ സൂക്ഷ്മപരിശോധന നടത്തുന്നുണ്ടെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

24. ഒരു ജില്ലയ്ക്ക് പൊതുവായി ഒരു പ്ലാൻ തയ്യാറാക്കുന്നതിന് ജില്ലാ പ്ലാനിംഗ് കമ്മിറ്റിക്ക് ഉത്തരവാദിത്വമുണ്ടോയെന്നു സമിതി ആരാഞ്ഞതിന് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലയുടെ പ്രയോറിറ്റി തീരുമാനിച്ച് സെക്ടറൽ പ്ലാൻ തയ്യാറാക്കാവുന്ന താണെന്നും എന്നാൽ ഇപ്രകാരം തയ്യാറാക്കുന്ന പ്ലാൻ, വാർഡ് അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ സാധിക്കില്ലെന്നും ജില്ലയുടെ പ്ലാൻ എന്ന രീതിയിൽ മാത്രമേ വരുകയുള്ളൂവെന്നും ഇതിന്റെ മെത്തഡോളജി ഡിസൈൻ ചെയ്തിട്ടുണ്ടെന്നും 12-ാം പഞ്ചവത്സര പദ്ധതിമുതൽ മാത്രമേ ഇത് നടപ്പിലാക്കാൻ സാധിക്കുകയുള്ളൂവെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

25. സെൻസസ് എടുക്കുന്നത് വാർഡ് അടിസ്ഥാനത്തിൽ ആയതിനാൽ ഡേറ്റാ എല്ലാം ഇലക്ട്രറൽ വാർഡിലേയുള്ളൂവെന്നും റവന്യൂ വാർഡിൽ ഡേറ്റായില്ലെന്നും കൂടാതെ 5 വർഷം കൂടുമ്പോൾ വാർഡ് പുനർനിർണ്ണയം നടത്തുന്നതിനാൽ വാർഡ് അടിസ്ഥാനത്തിൽ ഡേറ്റാ തയ്യാറാക്കുന്നതിൽ പ്രശ്നമുണ്ടെന്നും സമിതിയുടെ ചോദ്യത്തിനുത്തരമായി സെക്രട്ടറി അറിയിച്ചു. കൂടാതെ ഇത് ഗ്രാമസഭയുടെ ഐഡന്റിറ്റി ഇല്ലാതാക്കുമെന്നും മണ്ഡലത്തിൽ മാറ്റംവരുന്നത് മെമ്പറുടെ അക്കൗണ്ടബിലിറ്റി കുറയ്ക്കുമെന്നും പാർലമെന്റിലേതുപോലെ 40 വർഷമോ 25 വർഷമോ കഴിഞ്ഞ് വാർഡ് പുനർനിർണ്ണയം നടത്തിയാൽ ഇത് കുറേക്കൂടി ശക്തമാകുമെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

26. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ അവലോകനം നടത്തുന്നത് സംബന്ധിച്ച വിവരങ്ങൾ സമിതി ആരാഞ്ഞതിന് കൃഷി വകുപ്പിന്റെ ഏകദേശം 60 ശതമാനവും സാമൂഹ്യക്ഷേമ വകുപ്പിന്റെ 95 ശതമാനവും തുകയുടെ വിനിയോഗം ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയായതിനാൽ പ്രസ്തുത വകുപ്പുകളുടെ ജില്ലാതല റിവ്യൂ നടക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ പ്രത്യേകമായി അവലോകനം ചെയ്യണമെന്നും ഇതിനുള്ള തീയതി നിശ്ചയിച്ച് അതാത് വകുപ്പിന്റെ മേലധികാരിക്ക് നൽകുന്നുണ്ടെന്നും കൂടാതെ എല്ലാ വകുപ്പുകളിലും മാസംതോറും നടക്കുന്ന ഓഫീസർമാരുടെ യോഗത്തിൽ അവരുടെ പദ്ധതി അവലോകന ത്തിനോടൊപ്പം തദ്ദേശസ്വയംഭരണ പ്ലാനും റിവ്യൂ ചെയ്യണമെന്നും അതിനുള്ള തീയതി തദ്ദേശസ്വയംഭരണ വകുപ്പ് നിശ്ചയിച്ചുനൽകുന്ന പ്രകാരമാണ് നടക്കുന്നതെന്നും സെക്രട്ടറി വിശദീകരിച്ചു.

27. നിർവ്വഹണ ഉദ്യോഗസ്ഥർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കാതിരിക്കുന്നത് സംബന്ധിച്ച വിശദീകരണം സമിതി ആരാഞ്ഞതിന് ഗ്രാമസഭയുടെയും വാർഡ് സഭയുടെയും യോഗങ്ങളുടെ ഫോട്ടോ എടുക്കുന്ന രീതിക്കുപകരം വീഡിയോഗ്രാഫി ചെയ്യണമെന്ന് ദേശീയതലത്തിൽ നിർദ്ദേശമുണ്ടെന്നും വീഡിയോഗ്രാഫിയാണെങ്കിൽ എല്ലാവരുടെയും സാന്നിദ്ധ്യവും അഭിപ്രായങ്ങളും രേഖപ്പെടുത്തി വയ്ക്കാൻ സാധിക്കുമെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

28. ഗ്രാമ/വാർഡ് സഭകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി എടുത്തിട്ടുള്ള തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് സമിതി ആരാഞ്ഞു.

29. ഫെസിലിറ്റേറ്ററായി ഒരു പുരുഷനെയും സ്ത്രീയെയും വീതം തെരഞ്ഞെടുത്ത് ഗ്രാമസഭയെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും 'കില'-യിൽവച്ച് പരിശീലനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും 6000 പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും 2000 പേർക്കുകൂടി പരിശീലനം നൽകേണ്ടിവരുമെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. പരിശീലനം ലഭിക്കുന്നവർ ഗ്രാമസഭയുടെ കരടു മിനിറ്റ്സ് തയ്യാറാക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടെന്നും അവർക്ക് ദിവസശമ്പളം മാത്രം കൊടുത്താൽ മതിയെന്നും പഞ്ചായത്തുകളെ വടക്ക്, തെക്ക്, മിഡിൽ എന്നിങ്ങനെ മൂന്നായി തിരിച്ച് പരിശീലനം നൽകി തുടങ്ങിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. NREGP-യുടെ ഭാഗമായി വയനാട്ടിൽ നടന്ന ട്രെയിനിംഗ് വളരെ ഫലപ്രദമായിരുന്നെന്നും സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

30. സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി SC/ST പ്രൊമോട്ടർമാരെ എല്ലാ പ്രദേശങ്ങളിലും കേന്ദ്രീകരിച്ച് നിയമിക്കുകയും അവർക്ക് അലവൻസുകൾ കൊടുക്കുകയും ചെയ്തിട്ടും അവരാരും ഇതിൽ പങ്കെടുക്കുന്നില്ലെന്നും ആവശ്യമായ ഒരു വിവരവും കോളനികളിൽപ്പോയി കൊടുക്കാറില്ലെന്നും ചൂണ്ടിക്കാണിച്ച സമിതി SC/ST പ്രൊമോട്ടർമാരുടെ നിയന്ത്രണം ആർക്കാണെന്ന് ആരായുകയും ചെയ്തു.

31. 11-ാം പഞ്ചവൽസര പദ്ധതിയുടെ ഗൈഡ് ലൈൻസിൽ SC/ST പ്രൊമോട്ടർമാരെ വർക്കിംഗ് ഗ്രൂപ്പിന്റെ മാൻഡേറ്ററി മെമ്പർ ആക്കിയിട്ടുണ്ടെന്നും SC/ST വകുപ്പിന്റെ മേലധികാരിക്കാണ് ഇവരുടെ നിയന്ത്രണമെന്നും, പഞ്ചായത്തിൽ ഈ പ്രൊമോട്ടർമാർ റിപ്പോർട്ട് ചെയ്യണമെന്ന് ഇപ്പോൾ നിഷ്ക്കർഷിച്ചിട്ടുണ്ടെന്നും സെക്രട്ടറി മറുപടി പറഞ്ഞു.

32. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി ആക്കിയിട്ടുണ്ടോയെന്നു സമിതി ആരാഞ്ഞതിന് മുനിസിപ്പാലിറ്റിയിൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം നിലവിൽ വന്നിട്ടുണ്ടെന്നും പഞ്ചായത്തുകളിൽ അടുത്തവർഷം Computerised double entry system നടപ്പിലാക്കുമെന്നും സെക്രട്ടറി മറുപടി പറഞ്ഞു.

**നിഗമനങ്ങൾ/ശുപാർശകൾ**

33. **സംസ്ഥാനത്തിന്റെ പദ്ധതിവിഹിതത്തിന്റെ 35 മുതൽ 40 ശതമാനം വരെ കൈകാര്യംചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പൂർണ്ണമായ ജനപങ്കാളിത്തം ഉറപ്പു വരുത്തുകയെന്നതായിരുന്നു വികേന്ദ്രീകൃതാസൂത്രണത്തിലൂടെ വിഭാവനം ചെയ്തിരുന്നത്. വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കുന്ന കരട് പദ്ധതി ഗ്രാമ/വാർഡ് സഭകളുടെ അംഗീകാരം നേടിയശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ ഘട്ടങ്ങളിലെ പരിശോധനയ്ക്കുശേഷം ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ നടപ്പിലാക്കുകയെന്നതായിരുന്നു വികേന്ദ്രീകൃതാസൂത്രണത്തിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ വികസന പദ്ധതികളുടെ രൂപീകരണത്തിൽ സുപ്രധാന പങ്ക് വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിലെ പോരായ്മകളും, ഗ്രാമ/വാർഡ് സഭകളിലെ ശുഷ്കിച്ച ജനപങ്കാളിത്തവും, ജില്ലാ ആസൂത്രണ സമിതി സമയബന്ധിതമായി പദ്ധതികൾ അംഗീകരിച്ച് നൽകാത്തതും വികേന്ദ്രീകൃതാസൂത്രണത്തിന്റെ നടത്തിപ്പിലെ വീഴ്ചകൾക്ക് കാരണമായതായി സമിതി വിലയിരുത്തുന്നു. കാലാകാലങ്ങളായി സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിലാണ് പദ്ധതി രൂപീകരണം ഇപ്പോൾ നടന്നുവരുന്നതെന്നും ഇത് സംബന്ധിച്ച ചട്ടങ്ങൾ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ലെന്നതും സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. ആയതിനാൽ പദ്ധതിരൂപീകരണ പ്രക്രിയ സുഗമമാക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും പദ്ധതിരൂപീകരണം സംബന്ധിച്ച സ്ഥിരംചട്ടങ്ങൾ അടിയന്തിരമായി പുറപ്പെടുവിക്കണമെന്നും വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

34. **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിൽ അടിസ്ഥാനവിവരങ്ങളുടെ ശേഖരം അത്യാവശ്യമാണെന്നും ഇവയുടെ അഭാവം പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതികളെ അവാസ്തവികമാക്കിയെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തെയും സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ഒരു സംവിധാനത്തിന് സർക്കാർതലത്തിൽ രൂപരേഖ തയ്യാറാക്കി ആയതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

35. **പദ്ധതിരൂപീകരണ ഘട്ടത്തിൽ ഓരോ പ്രദേശത്തെയും ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി ജനങ്ങൾ നിർദ്ദേശിക്കുന്ന തരത്തിൽ പദ്ധതിരൂപീകരണം നടത്തുകയാണ് വികേന്ദ്രീകൃതാസൂത്രണത്തിൽ വിഭാവനം ചെയ്തിട്ടുള്ളതെങ്കിലും ഇതിനുവേണ്ടിയുള്ള ഗ്രാമ/വാർഡ് സഭകളുടെ യോഗങ്ങളിൽ ജനപങ്കാളിത്തം തീരെ കുറവാണെന്നും ഫലപ്രദമായ ചർച്ച ഇക്കാര്യത്തിൽ നടക്കുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഇതുമൂലം പദ്ധതിരൂപീകരണത്തിൽ ജനപങ്കാളിത്തം കുറയുകയും തൽഫലമായി വികേന്ദ്രീകൃതാസൂത്രണത്തിന്റെ പ്രാതിനിധ്യ സ്വഭാവം ഇല്ലാതാവുകയും വികസന പദ്ധതികളുടെ രൂപീകരണത്തിലും അവയുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിലും ഉദ്ദേശിച്ച രീതിയിൽ ജനപങ്കാളിത്തം ഉറപ്പുവരുത്താനാകാതെ വരുകയും ചെയ്യുന്നതായി സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ പദ്ധതിരൂപീകരണ പ്രക്രിയയിൽ നിർണ്ണായകമായ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സർക്കാർ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

36. **പദ്ധതിരൂപീകരണത്തിലുണ്ടാകുന്ന കാലതാമസംമൂലം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണത്തിന് ഒരുവർഷം പൂർണ്ണമായും ലഭിക്കാത്ത സാഹചര്യമാണുള്ളതെന്നു സമിതി ചൂണ്ടിക്കാണിക്കുന്നു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണത്തിനായി ഒരു സാമ്പത്തികവർഷം മുഴുവൻ ലഭിക്കുന്നതിന് മാർച്ച് 31-നകം പദ്ധതി പൂർത്തിയാക്കി അംഗീകാരം നേടുകയും ആയത് അടുത്ത സാമ്പത്തികവർഷം ഏപ്രിൽ ഒന്നുമുതൽ നടപ്പിലാക്കിത്തുടങ്ങുകയും ചെയ്യുന്ന രീതി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അനുവർത്തിക്കണമെന്ന് സർക്കാർ നിഷ്ക്കർഷിക്കണമെന്നും പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു ഉപസമിതിക്ക് രൂപം നൽകുന്നതിനെപ്പറ്റി ആലോചിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഓരോ സാമ്പത്തികവർഷവും മാർച്ച് 31-നുശേഷം അടുത്ത സാമ്പത്തികവർഷം ഏപ്രിൽ ഒന്നുമുതൽ നടപ്പാക്കേണ്ടുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുകയില്ലെന്ന ഒരു തീരുമാനം സർക്കാർ സ്വീകരിച്ച് കർശനമായി നടപ്പിലാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

37. **പദ്ധതിരൂപീകരണത്തിൽ ഗണ്യമായി സംഭാവന ചെയ്യുന്നതിനും സാങ്കേതികവും നിയമപരവുമായ വശങ്ങളെക്കുറിച്ച് നിർദ്ദേശം നൽകുന്നതിനും കഴിയുന്ന നിർവ്വഹണോദ്യോഗസ്ഥർക്ക് വേണ്ടത്ര പങ്കാളിത്തം പദ്ധതി രൂപീകരണ സമിതികളിലുണ്ടാകാറില്ലെന്നും ഗസറ്റഡ് ഓഫീസർമാരായ ഇത്തരം നിർവ്വഹണ ഉദ്യോഗസ്ഥരിൽ പലരും വികസന സെമിനാറുകളിൽ പങ്കെടുക്കുന്നതിന് താല്പര്യം കാണിക്കാറില്ലെന്നും തൽഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കാര്യദർശിയായ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ തീരുമാനമനുസരിച്ച് കാര്യങ്ങൾ നടത്തുന്ന ഒരു സാഹചര്യമാണ് പലപ്പോഴും ഉള്ളതെന്നും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥരും തമ്മിൽ കോ-ഓർഡിനേഷനില്ലെന്നും ഇത് പദ്ധതിരൂപീകരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ക്കനുസൃതമല്ലെന്നും ഫലപ്രദമായ പദ്ധതിരൂപീകരണം പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇതുമൂലം ഉണ്ടാകാറില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാരിൽ പലരും നോൺ ഗസറ്റഡ് റാങ്കിലും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരപരിധിയിൽ വരുന്ന നിർവ്വഹണോദ്യോഗസ്ഥർ ഗസറ്റഡ് റാങ്കിലും ആയിട്ടുള്ളത് പദ്ധതി രൂപീകരണമുൾപ്പെടെയുള്ള ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ടെന്നും, അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായുള്ള പ്രവർത്തനങ്ങൾ ഇതുമൂലം സുഗമമായി നടക്കാറില്ലെന്നും സമിതി വിലയിരുത്തുന്നു. ഈ സാഹചര്യം ഒഴിവാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഗസറ്റഡ് റാങ്കിലല്ലാതെ ശേഷിക്കുന്ന സെക്രട്ടറിമാരെ കൂടി ഗസറ്റഡ് റാങ്കിലേക്ക് ഉയർത്തണമെന്നും പഞ്ചായത്ത് തലത്തിൽ നിർവ്വഹണോദ്യോഗസ്ഥരുടെ സമിതികൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തണ മെന്നും സമിതി ശുപാർശ ചെയ്യുന്നു.**

വർക്കല കഹാർ,
*ചെയർമാൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 മാർച്ച് 21.

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| *ക്രമ നമ്പർ* | *ഖണ്ഡിക നമ്പർ* | *നിഗമനങ്ങൾ/ശുപാർശകൾ* |
|---|---|---|
| (1) | (2) | (3) |
| 1 | 33 | സംസ്ഥാനത്തിന്റെ പദ്ധതിവിഹിതത്തിന്റെ 35 മുതൽ 40 ശതമാനംവരെ കൈകാര്യം ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പൂർണ്ണമായ ജനപങ്കാളിത്തം ഉറപ്പുവരുത്തുകയെന്നതായിരുന്നു വികേന്ദ്രീകൃതാസൂത്രണത്തിലൂടെ വിഭാവനം ചെയ്തിരുന്നത്. വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കുന്ന കരട് പദ്ധതി ഗ്രാമ/വാർഡ് സഭകളുടെ അംഗീകാരം നേടിയശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ ഘട്ടങ്ങളിലെ പരിശോധനയ്ക്കുശേഷം ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ നടപ്പിലാക്കുകയെന്നതായിരുന്നു വികേന്ദ്രീകൃതാസൂത്രണത്തിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ വികസന പദ്ധതികളുടെ രൂപീകരണത്തിൽ സുപ്രധാന പങ്ക് വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിലെ പോരായ്മകളും, ഗ്രാമ/വാർഡ് സഭകളിലെ ശുഷ്കിച്ച ജനപങ്കാളിത്തവും, ജില്ലാ ആസൂത്രണ സമിതി സമയബന്ധിതമായി പദ്ധതികൾ അംഗീകരിച്ച് നൽകാത്തതും വികേന്ദ്രീകൃതാസൂത്രണത്തിന്റെ നടത്തിപ്പിലെ വീഴ്ചകൾക്ക് കാരണമായതായി സമിതി വിലയിരുത്തുന്നു. കാലാകാലങ്ങളായി സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിലാണ് പദ്ധതിരൂപീകരണം ഇപ്പോൾ നടന്നുവരുന്നതെന്നും ഇത് സംബന്ധിച്ച ചട്ടങ്ങൾ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ലെന്നതും സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. ആയതിനാൽ പദ്ധതിരൂപീകരണ പ്രക്രിയ സുഗമമാക്കുന്നതിനും |

| (1) | (2) | (3) |
|---|---|---|
| | | അപാകതകൾ പരിഹരിക്കുന്നതിനും പദ്ധതി രൂപീകരണം സംബന്ധിച്ച സ്ഥിരംചട്ടങ്ങൾ അടിയന്തിരമായി പുറപ്പെടുവിക്കണമെന്നും വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 2 | 34 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിൽ അടിസ്ഥാനവിവരങ്ങളുടെ ശേഖരം അത്യാവശ്യമാണെന്നും ഇവയുടെ അഭാവം പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതികളെ അവാസ്തവികമാക്കിയെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തെയും സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ഒരു സംവിധാനത്തിന് സർക്കാർതലത്തിൽ രൂപരേഖ തയ്യാറാക്കി ആയതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 3 | 35 | പദ്ധതിരൂപീകരണ ഘട്ടത്തിൽ ഓരോ പ്രദേശത്തെയും ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി ജനങ്ങൾ നിർദ്ദേശിക്കുന്ന തരത്തിൽ പദ്ധതി രൂപീകരണം നടത്തുകയാണ് വികേന്ദ്രീകൃതാസൂത്രണത്തിൽ വിഭാവനം ചെയ്തിട്ടുള്ളതെങ്കിലും ഇതിനുവേണ്ടിയുള്ള ഗ്രാമ/വാർഡ് സഭകളുടെ യോഗങ്ങളിൽ ജനപങ്കാളിത്തം തീരെ കുറവാണെന്നും ഫലപ്രദമായ ചർച്ച ഇക്കാര്യത്തിൽ നടക്കുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഇതുമൂലം പദ്ധതി രൂപീകരണത്തിൽ ജനപങ്കാളിത്തം കുറയുകയും തൽഫലമായി വികേന്ദ്രീകൃതാസൂത്രണത്തിന്റെ പ്രാതിനിധ്യസ്വഭാവം ഇല്ലാതാവുകയും വികസന പദ്ധതികളുടെ രൂപീകരണത്തിലും അവയുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിലും ഉദ്ദേശിച്ച രീതിയിൽ ജനപങ്കാളിത്തം ഉറപ്പുവരുത്താനാകാതെ വരുകയും ചെയ്യുന്നതായി സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ പദ്ധതിരൂപീകരണ പ്രക്രിയയിൽ നിർണ്ണായകമായ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സർക്കാർ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) |
|---|---|---|
| 4 | 36 | പദ്ധതിരൂപീകരണത്തിലുണ്ടാകുന്ന കാലതാമസംമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിനിർവ്വഹണത്തിന് ഒരുവർഷം പൂർണ്ണമായും ലഭിക്കാത്ത സാഹചര്യമാണുള്ളതെന്നു സമിതി ചൂണ്ടിക്കാണിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണത്തിനായി ഒരു സാമ്പത്തികവർഷം മുഴുവൻ ലഭിക്കുന്നതിന് മാർച്ച് 31-നകം പദ്ധതി പൂർത്തിയാക്കി അംഗീകാരം നേടുകയും ആയത് അടുത്ത സാമ്പത്തികവർഷം ഏപ്രിൽ ഒന്നു മുതൽ നടപ്പിലാക്കി തുടങ്ങുകയും ചെയ്യുന്ന രീതി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അനുവർത്തിക്കണമെന്ന് സർക്കാർ നിഷ്ക്കർഷിക്കണമെന്നും പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു ഉപസമിതിക്ക് രൂപം നൽകുന്നതിനെപ്പറ്റി ആലോചിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഓരോ സാമ്പത്തികവർഷവും മാർച്ച് 31-നുശേഷം അടുത്ത സാമ്പത്തികവർഷം ഏപ്രിൽ ഒന്നു മുതൽ നടപ്പാക്കേണ്ടുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുകയില്ലെന്ന ഒരു തീരുമാനം സർക്കാർ സ്വീകരിച്ച് കർശനമായി നടപ്പിലാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 5 | 37 | പദ്ധതിരൂപീകരണത്തിൽ ഗണ്യമായി സംഭാവന ചെയ്യുന്നതിനും സാങ്കേതികവും നിയമപരവുമായ വശങ്ങളെക്കുറിച്ച് നിർദ്ദേശം നൽകുന്നതിനും കഴിയുന്ന നിർവ്വഹണോദ്യോഗസ്ഥർക്ക് വേണ്ടത്ര പങ്കാളിത്തം പദ്ധതിരൂപീകരണ സമിതികളിലുണ്ടാകാറില്ലെന്നും ഗസറ്റഡ് ഓഫീസർമാരായ ഇത്തരം നിർവ്വഹണ ഉദ്യോഗസ്ഥരിൽ പലരും വികസന സെമിനാറുകളിൽ പങ്കെടുക്കുന്നതിന് താല്പര്യം കാണിക്കാറില്ലെന്നും തൽഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കാര്യദർശിയായ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ തീരുമാനമനുസരിച്ച് കാര്യങ്ങൾ നടത്തുന്ന ഒരു സാഹചര്യമാണ് പലപ്പോഴും ഉള്ളതെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥരും തമ്മിൽ കോ-ഓർഡിനേഷനില്ലെന്നും ഇത് പദ്ധതിരൂപീകരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമല്ലെന്നും ഫലപ്രദമായ |

| (1) | (2) | (3) |
|---|---|---|
| | | പദ്ധതിരൂപീകരണം പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇതുമൂലം ഉണ്ടാകാറില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരിൽ പലരും നോൺ ഗസറ്റഡ് റാങ്കിലും, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധികാരപരിധിയിൽ വരുന്ന നിർവ്വഹണോ ദ്യോഗസ്ഥർ ഗസറ്റഡ് റാങ്കിലും ആയിട്ടുള്ളത് പദ്ധതി രൂപീകരണമുൾപ്പെടെയുള്ള ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടി ക്കാറുണ്ടെന്നും, അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായുള്ള പ്രവർത്തനങ്ങൾ ഇതുമൂലം സുഗമമായി നടക്കാറില്ലെന്നും സമിതി വിലയിരുത്തുന്നു. ഈ സാഹചര്യം ഒഴിവാക്കുന്നതിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ ഗസറ്റഡ് റാങ്കിലല്ലാതെ ശേഷിക്കുന്ന സെക്രട്ടറിമാരെക്കൂടി ഗസറ്റഡ് റാങ്കിലേക്ക് ഉയർത്തണമെന്നും പഞ്ചായത്ത് തലത്തിൽ നിർവ്വഹ ണോദ്യോഗസ്ഥരുടെ സമിതികൾ പ്രവർത്തിക്കുന്നു ണ്ടോയെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |